# മുഹമ്മദ്
## മഹാനായ പ്രവാചകൻ

പ്രൊഫ. കെ.എസ്. രാമകൃഷ്ണറാവു

വിവർത്തനം:
പ്രൊഫ. കെ.പി. കമാലുദ്ദീൻ

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ, മലപ്പുറം

# മുഹമ്മദ്

**അ**റേബ്യൻ മരുഭൂമിയിലാണ് മുഹമ്മദിന്റെ ജനനം. മുസ്‌ലിം ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ ക്രിസ്തുവർഷം 571 ഏപ്രിൽ 20-ന്. 'അങ്ങേയറ്റം സ്തുതിക്കപ്പെടുന്നവൻ' എന്നാണ് മുഹമ്മദ് എന്ന പദത്തിനർഥം. അറേബ്യയുടെ സന്തതികളിൽ അത്യുന്നതനാണദ്ദേഹം. അനഭിഗമ്യമായ ആ സൈകതഭൂവിൽ അദ്ദേഹത്തിന്ന് മുമ്പോ പിമ്പോ ജീവിച്ച സമ്രാട്ടുകളെക്കാളും കവിശ്രേഷ്ഠരെക്കാളും എത്രയോ മടങ്ങ് ഉന്നതൻ. അദ്ദേഹം സമാഗതനാവുമ്പോൾ അറേബ്യ ഒരു മരുഭൂമി മാത്രമായിരുന്നു-വെറുമൊരു ശൂന്യത. ആ ശൂന്യതയിൽനിന്ന് ഒരു പുതിയ ലോകം രൂപം കൊണ്ടു...ഒരു പുതിയ ജീവിതം, ഒരു പുതിയ സംസ്കാരം, ഒരു പുതിയ നാഗരികത, ഒരു പുതിയ സാമ്രാജ്യം; മൊറോക്കോ മുതൽ ഇൻഡീസ് വരെ വ്യാപിച്ചുകിടന്ന ഒരു സാമ്രാജ്യം. ഏഷ്യ, ആഫ്രിക്ക, യൂറോപ് എന്നീ മൂന്ന് വൻകരകളുടെ ജീവിതത്തിലും ചിന്തയിലും സ്വാധീനം ചെലുത്തിയ ഒരു സാമ്രാജ്യം. മുഹമ്മദായിരുന്നു അതിന്റെ ശില്പി.

## മതങ്ങൾ തമ്മിൽ

പ്രവാചകനായ മുഹമ്മദിനെക്കുറിച്ച് എഴുതാനൊരുങ്ങിയപ്പോൾ ഒരു സന്ദേഹം; ഞാൻ സ്വീകരിച്ചിട്ടില്ലാത്ത ഒരു മതത്തെക്കുറിച്ചാണല്ലോ എഴുതാൻ പോകുന്നതെന്ന്! ആ മതത്തിൽതന്നെ വിവിധ ചിന്താധാരയുൾക്കൊണ്ടവരും വ്യത്യസ്ത വിഭാഗങ്ങളുമുണ്ടായിരിക്കെ വിശേഷിച്ചും വിഷമകരമാണത്. മതം തികച്ചും വ്യക്തിഗതമാണെന്ന് വാദിക്കാമെങ്കിലും ദൃശ്യവും അദൃശ്യവുമായ ഈ പ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊള്ളാനുള്ള കഴിവ് അതിന്നുണ്ടെന്നത് അനിഷേധ്യമത്രേ. അത് ചിലപ്പോൾ നമ്മുടെ ഹൃദയത്തിലും ആത്മാവിലും മനസ്സിന്റെ ബോധ-ഉപബോധ തലങ്ങളിലും അബോധമനസ്സിൽ പോലും കടന്നുചെന്ന് നിറഞ്ഞു നില്ക്കും. നമ്മുടെ ഭൂതവും ഭാവിയും വർത്തമാനവും, മൃദുലവും നേരിയതുമായ

ഒരു പട്ടുനൂലിൽ തൂങ്ങിനില്ക്കുകയാണെന്ന ഒരു വിശ്വാസം ഇവിടെ ശക്തിയായി നിലനില്ക്കുന്നതുമൂലം ഈ പ്രശ്നം വളരെ ഗുരുതരമായിത്തീരുന്നു. നാം കൂടുതലായി വൈകാരികാവേശത്തിന്നടിമപ്പെടുന്നതോടെ മനസ്സിന്റെ സന്തുലിതാവസ്ഥ നിരന്തരം സംഘർഷാത്മകമായ ഒരവസ്ഥയിലായിത്തീരുവാനും ഏറെ സാധ്യതയുണ്ട്. ഈ വീക്ഷണത്തിൽ, അന്യമതങ്ങളെക്കുറിച്ച് എത്ര കുറച്ചു പറയുന്നുവോ അത്രയും നല്ലത്. നമ്മുടെ മതങ്ങൾ ശാശ്വത മുദ്രിതാധരങ്ങളുടെ പരിരക്ഷയിൽ, ഹൃദയാന്തരാളത്തിലെ ഉപരോധ മേഖലകളിൽ, തീരെ അദൃശ്യമായും പരമരഹസ്യമായും അവശേഷിച്ചുകൊള്ളട്ടെ!

ഈ പ്രശ്നത്തിന്, പക്ഷേ ഒരു മറുവശമുണ്ട്: സാമൂഹിക ജീവിയാണ് മനുഷ്യൻ. നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നമ്മുടെ ജീവിതം പ്രത്യക്ഷമായും പരോക്ഷമായും മറ്റുള്ളവരുടേതുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. നമുക്ക് ഭക്ഷണം നല്കുന്ന മണ്ണ് ഒന്നാണ്; നമ്മുടെ പാനജലമൊഴുകുന്ന അരുവി ഒന്നാണ്; നാം ശ്വസിക്കുന്ന വായു ഒന്നാണ്. അതിനാൽ നമ്മുടെ വീക്ഷണങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടുതന്നെ നമ്മുടെ ചുറ്റുപാടുകളുമായി സമരസപ്പെട്ടു പോകാനും നമ്മുടെ അയൽവാസിയുടെ മാനസിക ഭാവങ്ങളെന്തെന്നും കർമസ്രോതസ്സേതെന്നും ഒരു പരിധിവരെയെങ്കിലും അറിയുവാനും ശ്രമിക്കുന്നത് ഫലപ്രദമായിരിക്കും. ഈ വീക്ഷണത്തിൽ, ലോകത്തിലെ സമസ്ത മതങ്ങളെക്കുറിച്ചും അറിയുവാനുള്ള സദുദ്ദേശ്യപൂർവകമായ ഒരു ശ്രമം തികച്ചും അഭിലഷണീയമാണ്. മതങ്ങൾ തമ്മിൽ പരസ്പര ധാരണ വളർത്താനും, അടുത്തവരോ അകന്നവരോ ആയ സഹജീവികളെ യഥാവിധി മനസ്സിലാക്കാനും തീർച്ചയായും അതുപകരിക്കും.

പ്രത്യക്ഷത്തിലനുഭവപ്പെടുന്നതുപോലെ നമ്മുടെ ചിന്തകൾ അത്രയൊന്നും ശിഥിലങ്ങളല്ല. ഈ ഭൂതലത്തിലെ ലക്ഷക്കണക്കിന് ജനഹൃദയങ്ങൾക്ക് കർമാവേശവും മാർഗദർശനവും നല്കുന്ന ചൈതന്യവത്തായ മതദർശനങ്ങളും വിശ്വാസപ്രമാണങ്ങളുമാകുന്ന കേന്ദ്രബിന്ദുവിൽ ഏകീകൃതമാണവ. നാം ജീവിക്കുന്ന ലോകത്തിലെ ഒരു പൗരനാകുവാൻ നമുക്കാഗ്രഹമുണ്ടെങ്കിൽ മനുഷ്യജീവിതത്തിൽ സ്വാധീനം ചെലുത്തിയ തത്ത്വസംഹിതകളെയും മതദർശനങ്ങളെയും കുറിച്ച് അറിയുവാനുള്ള ഒരു എളിയ ശ്രമം അത്യാവശ്യമാണ്. എന്റെ അഭിപ്രായം പ്രസക്തമെങ്കിലും ഒരു മറുവശമുണ്ട് ഈ പ്രശ്നത്തിന്. മതങ്ങളുടെ ഈ മേഖല വിവേകവും വികാരവും തമ്മിലുള്ള നിരന്തര സംഘർഷത്തിന്റെ ഫലമായി കാലുറച്ചു നിൽക്കാൻ പറ്റാത്ത ഒരു പരുവത്തിലാണുള്ളത്. അതിനാൽ, അവിടെ പ്രവേശിക്കുന്നവർ 'മാലാഖമാർ കടന്നു ചെല്ലാത്തയിടങ്ങളിൽ ഓടിച്ചെല്ലുന്ന വിഡ്ഢികളെ'യാണ് അനുസ്മരിപ്പിക്കുക.

എന്നാൽ മറ്റൊരു നിലയിൽ എന്റെ ജോലി സുഗമമാണ്. ചരിത്രപ്രധാനമായ ഒരു മതത്തിന്റെ മൗലിക തത്ത്വങ്ങളെയും അതിന്റെ മഹാന ാ യ പ്രവാചകനെയും കുറിച്ചാണ് ഞാനെഴുതുന്നത്. ഇസ്‌ലാമിന്റെ നിശിത വിമർശകനായ സർ വില്യം മൂറിന് പോലും "പന്ത്രണ്ടു നൂറ്റാണ്ടുകളായി യാതൊരു കലർപ്പും ചേരാതെ അവശേഷിച്ച മറ്റൊരു ഗ്രന്ഥം ലോകത്ത് വേറെയില്ലെ"ന്ന് ഖുർആനെക്കുറിച്ച് പറയേണ്ടിവന്നു. ജീവിതത്തിലെ മുഴുവൻ സംഭവഗതികളും-നിസ്സാര വിശദീകരണങ്ങൾ പോലും- ഭദ്രമായും സൂക്ഷ്മമായും രേഖപ്പെടുത്തപ്പെട്ട ചരിത്രപുരുഷനാണ് പ്രവാചകനായ മുഹമ്മദ് എന്ന് അതിനോടനുബന്ധമായി ഞാൻ പറഞ്ഞുകൊള്ളട്ടെ. അദ്ദേഹത്തിന്റെ ജീവിതവും ചരിത്രവും സുവ്യക്തങ്ങളത്രേ. സത്യം കണ്ടെത്തുവാൻ ചപ്പും ചവറും ചിക്കിച്ചികയേണ്ട സാഹസം നമുക്കില്ല.

എന്റെ ജോലി കുറേക്കൂടി ലഘൂകരിക്കുന്ന മറ്റൊരു സംഗതി കൂടിയുണ്ട്. രാഷ്ട്രീയവും മറ്റുമായ കാരണങ്ങളാൽ ഇസ്‌ലാമിനെ ബോധപൂർവം തെറ്റിദ്ധരിപ്പിച്ചിരുന്ന വിമർശകരുടെ കാലം ദ്രുതഗതിയിൽ കഴിഞ്ഞുകൊണ്ടിരിക്കുകയാണ്. 'കേംബ്രിഡ്ജ് മെഡിവൽ ഹിസ്റ്ററി' എന്ന ഗ്രന്ഥത്തിൽ പ്രൊഫ. ബീവൻ പറയുന്നു: "പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിനു മുമ്പ് ഇസ്‌ലാമിനെയും മുഹമ്മദിനെയും കുറിച്ച് യൂറോപ്പിൽ പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങൾ ഇന്ന് കേവലം സാഹിത്യ വൈചിത്ര്യങ്ങൾ മാത്രമായേ ഗണിക്കപ്പെടുന്നുള്ളൂ." ഇത്തരം ഗ്രന്ഥങ്ങൾ നമുക്കിന്ന് ആസ്പദിക്കേണ്ടതില്ല. അതിനാൽ ഇസ്‌ലാമിനെക്കുറിച്ച് മിഥ്യാധാരണകൾ ചൂണ്ടിക്കാട്ടി സമയം പാഴാക്കേണ്ടതുമില്ല.

ഉദാഹരണമായി, ഇസ്‌ലാമും ഖഡ്ഗവും എന്ന സിദ്ധാന്തം എടുത്തുപറയാവുന്ന ഏതെങ്കിലും വിഭാഗങ്ങളിൽനിന്ന് വല്ലപ്പോഴും നാം കേൾക്കുന്നില്ല. ഇപ്പോൾ മതത്തിൽ നിർബന്ധമില്ലെന്ന ഇസ്‌ലാമിന്റെ തത്ത്വം സുവിദിതമാണ്. പ്രസിദ്ധ ചരിത്രകാരനായ ഗിബ്ബന്റെ വാക്കുകളിൽ "മറ്റെല്ലാ മതങ്ങളെയും ഖഡ്ഗം കൊണ്ട് നിഷ്കാസനം ചെയ്യുവാൻ തങ്ങൾ ബാധ്യസ്ഥരാണെന്ന ഹീനമായ ഒരാരോപണം മുസ്‌ലിംകൾക്കെതിരിലുണ്ട്. ഇത് അജ്ഞതയിൽനിന്നും മതപക്ഷപാതിത്തത്തിൽനിന്നും ഉടലെടുത്തതാണ്. ഖുർആനും മുസ്‌ലിം ജേതാക്കളുടെ ചരിത്രവും, ക്രിസ്ത്യൻ ദേവാലയങ്ങളോട് അവർ കാണിച്ച കലവറയില്ലാത്തതും നിയമത്തിന്റെ സംരക്ഷണത്തോടുകൂടിയതുമായ സഹിഷ്ണുതയും ഈ ആരോപണം ശക്തിയായി നിഷേധിക്കുന്നു. ധാർമിക ശക്തിയാണ് മുഹമ്മദിന്റെ ജീവിതവിജയത്തിന്നടിസ്ഥാനം; ഖഡ്ഗപ്രയോഗമല്ല."

## യുദ്ധക്കളത്തിൽ

പക്ഷേ, അനുരഞ്ജന ശ്രമങ്ങൾ നിരന്തരം പരാജയമടഞ്ഞപ്പോൾ

ആത്മരക്ഷാർഥം, ചുറ്റുപാടുകൾ അദ്ദേഹത്തെ യുദ്ധക്കളത്തിലേക്ക് വലിച്ചിഴച്ചു. എന്നാൽ, ഇസ്ലാമിന്റെ പ്രവാചകൻ യുദ്ധതന്ത്രങ്ങളിലാകെ വിപ്ലവകരമായ പരിവർത്തനങ്ങൾ വരുത്തി. അറേബ്യൻ ഉപദ്വീപ് ഒന്നടങ്കം പ്രവാചകന്റെ കൊടിക്കീഴിലണിനിരക്കുന്നതു വരെയുള്ള ജീവിതകാലത്ത് നടന്ന മുഴുവൻ യുദ്ധങ്ങളിലുമായി മരണമടഞ്ഞവരുടെ സംഖ്യ ഏതാനും ശതകങ്ങൾ മാത്രമാണ്. യുദ്ധക്കളത്തിൽപോലും അദ്ദേഹം അറബികളെ പ്രാർഥിക്കാൻ പഠിപ്പിച്ചു- ഒറ്റയ്ക്കല്ല, കൂട്ടായി ദൈവത്തെ പ്രാർഥിക്കാൻ! യുദ്ധക്കളത്തിലെ പൊടിപടലങ്ങൾക്കും ഝണത്ഝണാരവങ്ങൾക്കുമിടയിലും ദിവസത്തിലഞ്ചു നേരം നിർവഹിക്കേണ്ടുന്ന നിർബന്ധ പ്രാർഥനയുടെ സമയമായാൽ യുദ്ധക്കളത്തിലാണെന്നതുകൊണ്ട് മാത്രം അവ നീട്ടിവെക്കുമായിരുന്നില്ല. ഒരു വിഭാഗം ശത്രുക്കളെ നേരിട്ടുകൊണ്ടിരിക്കെ, മറുവിഭാഗം കൂട്ടുപ്രാർഥന നടത്തണം. അവർ യുദ്ധക്കളത്തിലേക്ക് തിരിച്ചു ചെന്നാൽ മറുവിഭാഗം പ്രാർഥനക്ക് വരണം.

ഒരു ഗോത്രത്തിലെ ഒരതിഥിയുടെ ഒട്ടകം മറ്റൊരു ഗോത്രത്തിന്റെ മേച്ചിൽസ്ഥലത്ത് പ്രവേശിച്ചുവെന്ന നിസ്സാരമായ ഒരു പ്രകോപനത്തിന്റെ പേരിൽ നാല്പതു കൊല്ലം യുദ്ധം നടത്തി, എഴുപതിനായിരം വിലപ്പെട്ട മനുഷ്യജീവൻ കുരുതികൊടുത്ത ഇരു ഗോത്രങ്ങളുടെയും അസ്തിത്വത്തിന് നേരെ ഭീഷണിയുയർത്തിയ ഉഗ്രമൂർത്തികളായ ആ അറബികളെ, അച്ചടക്കവും ആത്മനിയന്ത്രണവും പഠിപ്പിച്ച് യുദ്ധക്കളത്തിൽപോലും പ്രാർഥിക്കുന്നവരാക്കി മാറ്റി, ഇസ്ലാമിന്റെ പ്രവാചകൻ. അപരിഷ്കൃതവും സംസ്കാരശൂന്യവുമായ ഒരു യുഗത്തിൽ ഒരു യുദ്ധക്കളംപോലും മാനുഷികമാക്കപ്പെട്ടു. വഞ്ചിക്കാതിരിക്കാൻ, അംഗഭംഗം വരുത്താതിരിക്കാൻ, വാഗ്ദത്തം ലംഘിക്കാതിരിക്കാൻ, കുട്ടികളെയും സ്ത്രീകളെയും വൃദ്ധന്മാരെയും വധിക്കാതിരിക്കാൻ, ഫലവൃക്ഷങ്ങൾ മുറിക്കാതിരിക്കാൻ, ആരാധനാമഗ്നരായവരെ ശല്യം ചെയ്യാതിരിക്കാൻ പ്രവാചകൻ കർശനമായ നിർദേശങ്ങൾ നല്കി. തന്റെ കഠിന ശത്രുക്കളെപ്പോലും അദ്ദേഹം കൈകാര്യം ചെയ്ത രീതി അനുയായികൾക്ക് ഉത്തമ മാതൃകയായിരുന്നു.

മക്കാ വിജയത്തോടെ പ്രവാചകൻ തന്റെ അധികാരശക്തിയുടെ പാരമ്യതയിലെത്തിക്കഴിഞ്ഞിരുന്നു. തന്റെ ദൗത്യത്തിനു നേരെ ബധിര കർണങ്ങൾ മാത്രം തിരിച്ച ഒരു പട്ടണം; തന്നെയും തന്റെ അനുയായികളെയും മർദിച്ചവശരാക്കിയ ഒരു നഗരം; നാട്ടിൽനിന്ന് ആട്ടിയോടിച്ച ഒരു ജനത; ഇരുനൂറു നാഴികയകലെയുള്ളൊരു പ്രദേശത്ത് അഭയം തേടിയപ്പോൾ പോലും തന്നെ ദ്രോഹിക്കുകയും ബഹിഷ്കരിക്കുകയും ചെയ്ത ഒരു വിഭാഗം- ആ നഗരവും നഗരവാസികളുമിതാ തന്റെ കാൽക്കീഴിൽ! താനും തന്റെ അനുയായികളുമനുഭവിച്ച യാതനകൾക്ക് പ്രതികാരം ചെയ്യാൻ ഒരു സുവർണാവസരം! പക്ഷേ, മുഹമ്മദിന്റെ ഹൃദയത്തിൽ വഴിഞ്ഞൊഴുകിയത് കരുണരസമായിരുന്നു! അദ്ദേഹം പ്രഖ്യാപിച്ചു: "ഈ

ദിവസം നിങ്ങൾക്കെതിരിൽ യാതൊരു ശിക്ഷാനടപടിയുമില്ല. നിങ്ങളെല്ലാം സ്വതന്ത്രരാണ്! മനുഷ്യനും മനുഷ്യനും തമ്മിലുള്ള മുഴുവൻ അന്തരങ്ങളെയും, മനുഷ്യനും മനുഷ്യനും തമ്മിലുള്ള സകല വിദ്വേഷങ്ങളെയും ഞാനിതാ എന്റെ കാൽക്കീഴിലിട്ട് ചവിട്ടിത്തേക്കുന്നു."

യുദ്ധത്തിന്നനുമതി നല്കാൻ അതായിരുന്നു കാരണം- മനുഷ്യ സമുദായത്തെ ഏകീകരിക്കുവാൻ. ഒരിക്കൽ ഈ ലക്ഷ്യം സാക്ഷാൽകൃതമായതോടെ അദ്ദേഹത്തിന്റെ കഠിന ശത്രുക്കൾക്കു പോലും മാപ്പ് നല്കപ്പെട്ടു, തന്റെ പ്രിയപ്പെട്ട പിതൃവ്യനെ വധിച്ച്, ശരീരം പിളർത്തി കരളെടുത്ത് ചവച്ചുതുപ്പിയവർക്കു പോലും!

## സാർവലൗകിക സാഹോദര്യം

പ്രവാചകൻ പ്രബോധനം ചെയ്ത സാർവലൗകിക സാഹോദര്യത്തിന്റെയും മനുഷ്യത്വത്തിന്റെയും സന്ദേശം മാനുഷ്യകത്തിന്റെ ഉദ്ധാരണത്തിന് നല്കപ്പെട്ട മഹത്തായ സംഭാവനയത്രേ. ലോകത്തിലെ പ്രമുഖ മതങ്ങളെല്ലാം ഈ സന്ദേശത്തിന്റെ വാഹകരായിരുന്നുവെങ്കിലും പൂർണാർഥത്തിൽ അത് പ്രയോഗവൽക്കരിച്ചത് ഇസ്‌ലാമിന്റെ പ്രവാചകനാണ്. ലോകജനതയുടെ മനസ്സാക്ഷി തട്ടിയുണർത്തുക വഴി, വർഗ-വർണ വിവേചനങ്ങൾ അപ്രത്യക്ഷമാവുകയും മനുഷ്യ സാഹോദര്യം സ്ഥാപിക്കുകയും ചെയ്യുന്ന ഒരു കാലത്തു മാത്രമേ സാർവലൗകിക സാഹോദര്യമെന്ന തത്ത്വത്തിന്റെ യഥാർഥ മൂല്യം ലോകത്തിന് ഉൾക്കൊള്ളാനാവൂ! അതിന് ഇനിയും നൂറ്റാണ്ടുകൾ വേണ്ടിവരും.

ഈ വസ്തുതയെപ്പറ്റി മിസ്. സരോജിനി നായിഡു പറയുന്നു: "ജനാധിപത്യത്തെക്കുറിച്ച് പറയുകയും അത് പ്രയോഗവൽക്കരിക്കുകയും ചെയ്ത പ്രഥമ മതമാണ് ഇസ്‌ലാം. പള്ളികളുടെ മിനാരങ്ങൾ ശബ്ദമുഖരിതമാവുകയും ആരാധകർ പള്ളിയിലൊരുമിച്ചുകൂടുകയും, രാജാവും പ്രജയും തോളോടു തോൾ ചേർന്നുനിന്ന് 'അല്ലാഹു ഏറ്റവും മഹാൻ' എന്നു പ്രഖ്യാപിച്ചുകൊണ്ട് മുട്ടുകുത്തുകയും ചെയ്യുമ്പോൾ ഇസ്‌ലാമിലെ ഡമോക്രസി മൂർത്തരൂപം കൊള്ളുന്നു." ഇന്ത്യയിലെ പ്രസിദ്ധയായ ആ കവയിത്രി തുടരുന്നു: "ഒരു മനുഷ്യനെ ജന്മനാതന്നെ മറ്റൊരു മനുഷ്യന്റെ സഹോദരനായി കാണുന്ന ഇസ്‌ലാമിന്റെ ഈ അവിഭാജ്യമായ ഏകത്വം എന്നെ പലവുരു അദ്ഭുതസ്തബ്ധയാക്കിയിട്ടുണ്ട്. ഒരു ഈജിപ്തുകാരനും അൾജീരിയക്കാരനും ഇന്ത്യക്കാരനും തുർക്കിയും ലണ്ടനിൽ കണ്ടുമുട്ടുകയാണെങ്കിൽ ഒരാളുടെ ജന്മദേശം ഇന്ത്യയാണെന്നതോ അപരന്റേത് ഈജിപ്താണെന്നതോ അവർക്ക് പ്രശ്നമാകുന്നതേയില്ല."

മഹാത്മാഗാന്ധി തന്റെ അനുകരണീയമായ ശൈലിയിൽ പറയുന്നത് നോക്കൂ: സ്പെയ്നിന് നാഗരികത സമ്മാനിച്ച, മൊറോക്കോയിൽ പ്രകാശത്തിന്റെ കൈത്തിരി കൊളുത്തിയ, ലോകത്തോട് സാഹോദര്യ സുവി

ശേഷമോതിയ ഇസ്‌ലാം തെക്കെ ആഫ്രിക്കയിലേക്ക് കടന്നുവരുന്നത് യൂറോപ്യൻ ഭയപ്പെടുന്നുവെന്ന് ആരോ പറഞ്ഞു. തെക്കെ ആഫ്രിക്കക്കാർ വെള്ളക്കാരുമായി സമത്വം അവകാശപ്പെടുന്നതിനാലാണ് അവർ ഇസ്‌ലാമിന്റെ ആഗമനത്തെ ഭയപ്പെടുന്നത്. സാഹോദര്യം ഒരു പാപമെങ്കിൽ അവർ അതിനെ ഭയപ്പെടുകതന്നെ വേണം. വർണ വൈവിധ്യമുള്ള വർഗങ്ങൾ തമ്മിൽ സമത്വം സ്ഥാപിതമാകുമെന്നാണ് അവരുടെ ഭയമെങ്കിൽ അവയുടെ ഭയം അടിസ്ഥാനരഹിതമല്ലതന്നെ.

വർഗ-വർണ വൈജാത്യങ്ങളെ പരിഛേദം ഉന്മൂലനം ചെയ്ത ഇസ്‌ലാമിന്റെ അന്താരാഷ്ട്ര പ്രദർശനത്തിന്റെ അദ്ഭുതകരമായ ദൃശ്യത്തിന്, പ്രതിവർഷം ഹജ്ജ് വേളകളിൽ ലോകം സാക്ഷ്യം വഹിക്കുന്നു. യൂറോപ്യർ മാത്രമല്ല, ആഫ്രിക്കക്കാരനും അറബിയും പേർഷ്യക്കാരനും ഇന്ത്യക്കാരനും ചൈനക്കാരനും ഒരു ദിവ്യവംശത്തിലെ അംഗങ്ങളെന്നപോലെ അവിടെ ഒത്തുചേരുന്നു. എല്ലാവരും വസ്ത്രം ധരിച്ചിരിക്കുന്നതോ ഒരൊറ്റ രീതിയിൽ! വെള്ളനിറമുള്ള രണ്ടു കഷണം തുണി- ഒന്ന് ഉടുക്കാനും മറ്റൊന്ന് ചുമൽ മറയ്ക്കാനും. നഗ്നശിരസ്കരായി ആർഭാടമോ ആഡംബരമോ ഇല്ലാതെ, ‘അല്ലാഹുവേ, ഉത്തരവ്.... നീ ഏകനാണ്.... ഞാനിതാ നിന്റെ വിളിക്കുത്തരം നല്കുന്നു’ എന്നുരുവിട്ടുകൊണ്ട് അവർ നടന്നു നീങ്ങുന്നു. ചെറിയവനെ വലിയവനിൽനിന്ന് വേർതിരിക്കുന്ന അടയാളങ്ങളൊന്നും അവിടെയില്ല. അങ്ങനെ ഓരോ തീർഥാടകനും ഇസ്‌ലാമിന്റെ സാർവലൗകികതയുടെ സന്ദേശവും ആവാഹിച്ച് ഗൃഹങ്ങളിലേക്ക് മടങ്ങുന്നു.

പ്രൊഫ. ഹർഗ്രോഞ്ജെ(Prof. Hurgronje)യുടെ അഭിപ്രായത്തിൽ, ഇസ്‌ലാമിന്റെ പ്രവാചകൻ സംസ്ഥാപിച്ച “സർവരാജ്യസഭ” ഇതര രാഷ്ട്രങ്ങൾക്കുകൂടി വെളിച്ചം കാണിക്കത്തക്കവിധം അഖിലലോക ഐക്യത്തിന്റെയും മനുഷ്യസാഹോദര്യത്തിന്റെയും സന്ദേശം അന്താരാഷ്ട്ര അടിസ്ഥാനത്തിൽതന്നെ പ്രയോഗവൽക്കരിച്ചു. ലീഗ് ഓഫ് നാഷൻസ് എന്ന ആശയത്തിന്റെ പ്രയോഗവൽക്കരണത്തിന് ഇസ്‌ലാം നല്കിയ സംഭാവനകൾക്കു തുല്യമായ മറ്റൊന്ന് ലോകത്തിലെ ഒരു ജനതയ്ക്കും കാണിക്കാനാവില്ലെന്നതാണ് യാഥാർഥ്യം.

## ജനാധിപത്യം

ജനാധിപത്യം അതിന്റെ ഏറ്റവും ഉന്നതമായ രൂപത്തിൽ പ്രയോഗത്തിൽ വരുത്തി പ്രവാചകൻ. ഖലീഫാ ഉമർ, പ്രവാചകന്റെ ജാമാതാവ് കൂടിയായിരുന്ന ഖലീഫാ അലി, ഖലീഫാ മൻസൂർ, അബ്ബാസ്, മഅ്മൂൻ തുടങ്ങിയ ഒട്ടേറെ ഖലീഫമാർക്കും രാജാക്കന്മാർക്കും ഇസ്‌ലാമിക കോടതിയിൽ ന്യായാധിപന്റെ മുമ്പാകെ സാധാരണ പൗരന്മാരെപ്പോലെ

ഹാജരാകേണ്ടി വന്നിട്ടുണ്ട്.

നാഗരിക പുരോഗതി കൈവരിച്ച വെളുത്ത വർഗക്കാർ കറുത്ത നീഗ്രോകളോട് ഇന്ന് എങ്ങനെ പെരുമാറുന്നുവെന്ന് നമുക്കറിയാം. എന്നാൽ, പതിനാല് നൂറ്റാണ്ടു മുമ്പു ജീവിച്ച ബിലാൽ എന്ന അടിമ യുടെ സ്ഥിതി ഒന്നോർത്തുനോക്കൂ; ഇസ്‌ലാമിന്റെ ആദ്യ കാലങ്ങളിൽ ബാങ്ക് വിളിക്കുന്ന കർമം അന്തസ്സുള്ള ജോലിയായാണ് കരുതിവന്നത്. ആ കർമം നിർവഹിക്കുവാൻ ഈ കറുത്ത അടിമയായിരുന്നു ഭരമേൽപി ക്കപ്പെട്ടിരുന്നത്. മക്കാവിജയത്തെ തുടർന്ന് ഒരു സന്ദർഭത്തിൽ ബാങ്കു വിളിക്കുവാൻ പ്രവാചകൻ ബിലാലിനോടാവശ്യപ്പെട്ടു. ഇസ്‌ലാമിക ലോക ത്തിലെ ഏറ്റവും ചരിത്രപ്രധാനവും വിശുദ്ധവുമായ ആരാധനാലയമായ കഅ്ബയുടെ ഉത്തുംഗതയിൽ, കറുത്ത നിറവും തടിച്ച ചുണ്ടുകളുമുള്ള ഈ നീഗ്രോ ബാങ്ക് വിളിക്കാനായി കയറിനിന്നപ്പോൾ അഭിമാനികളായ ചില അറബികൾ “ഓ, ഈ കറുത്ത നീഗ്രോ അടിമയ്ക്ക് നാശം! അവ നതാ പരിശുദ്ധ കഅ്ബയുടെ മോന്തായത്തിൽ കയറി നിൽക്കുന്നു” എന്ന ട്ടഹസിച്ചു. ഇതു കേൾക്കേണ്ട താമസം, പ്രവാചകൻ ഖുർആനിലെ ആ വിശുദ്ധ വചനങ്ങൾ ലോകത്തോട് പ്രഖ്യാപിച്ചു: “മനുഷ്യസമുദായമേ, നിങ്ങളെ ഞാൻ ഒരു പുരുഷനിൽനിന്നും സ്ത്രീയിൽനിന്നും സൃഷ്ടിച്ചു. നിങ്ങളെ നാം വ്യത്യസ്ത ഗോത്രങ്ങളും വിഭാഗങ്ങളുമാക്കിയത് നിങ്ങൾ പരസ്പരം അറിയാൻ വേണ്ടി മാത്രമാണ്. ദൈവത്തിന്റെയടുക്കൽ നിങ്ങ ളിൽ ഏറ്റവും ഉത്തമൻ ഏറ്റവും കൂടുതൽ ദൈവഭയമുള്ളവനത്രേ.”

ഈ പ്രഖ്യാപനം സൃഷ്ടിച്ച പരിവർത്തനം, കലർപ്പില്ലാത്ത ശുദ്ധ അറബികൾ തങ്ങളുടെ പെൺമക്കളെ ഈ കറുത്ത മുത്തിന് വിവാഹം ചെയ്തു കൊടുക്കുവാൻ തയ്യാറാകുന്ന ഒരവസ്ഥയോളം കൊണ്ടെത്തിച്ചു. മഹാനായ ഉമർ എന്ന് ചരിത്രം വിളിക്കുന്ന രണ്ടാം ഖലീഫ അമീറുൽ മുഅ്മിനീൻ ഉമർ, ഈ നീഗ്രോ അടിമയെ കാണുമ്പോഴൊക്കെ “നമ്മുടെ യജമാനൻ ഇതാ വരുന്നു, നമ്മുടെ നേതാവ് ഇതാ വരുന്നു” എന്നു പറഞ്ഞ് അദ്ദേഹത്തെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക പതിവായിരുന്നു.

അക്കാലത്ത് ഭൂമിയിൽ ജീവിച്ചവരിൽ വെച്ച് ഏറ്റവും അഹങ്കാരിക ളായ അറബികളിൽ ഖുർആൻ വരുത്തിയ മഹത്തായ വിപ്ലവമായിരുന്നു അത്. ഇക്കാരണത്താലാണ് “ഈ ഗ്രന്ഥം യുഗയുഗാന്തരങ്ങളിൽ ശക്ത മായ സ്വാധീനം ചെലുത്തിക്കൊണ്ടേയിരിക്കു”മെന്ന് മഹാനായ ജർമൻ കവി ഗോയ്ഥേ ഖുർആനെക്കുറിച്ചു പറഞ്ഞത്. “അടുത്ത നൂറു വർഷ ത്തിനകം ഇംഗ്ലണ്ടല്ല, യൂറോപ് തന്നെ ഭരിക്കുവാൻ ഏതെങ്കിലും മത ത്തിന് സാധ്യതയുണ്ടാവുമെങ്കിൽ അത് ഇസ്‌ലാമിന്നായിരിക്കും” എന്ന് ജോർജ് ബർണാഡ് ഷാ പറയാനുള്ള കാരണവും മറ്റൊന്നല്ല.

## സ്ത്രീ വിമോചനം

സ്ത്രീസമൂഹത്തെ പുരുഷന്റെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ചതും ഇസ്‌ലാമിന്റെ ഈ ജനാധിപത്യ ചൈതന്യം തന്നെ. ചാൾസ് എഡ്വേർഡ് ഹാമിൽട്ടന്റെ വാക്കുകളിൽ, "മനുഷ്യൻ ജന്മനാ പാപമുക്തനാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. സ്ത്രീയും പുരുഷനും ഒരേ സത്തയിൽനിന്ന് ഉദ്ഭൂതമായവരാണെന്നും അവർ ഒരേ ആത്മാവാണ് ഉൾക്കൊള്ളുന്ന തെന്നും ബുദ്ധിപരവും ആത്മീയവും സദാചാരപരവുമായ കാര്യങ്ങളിൽ ഒരേ തരത്തിലുള്ള കഴിവുകളാണ് നല്കപ്പെട്ടിരിക്കുന്നതെന്നുമാണ് ഇസ്‌ലാമിന്റെ അധ്യാപനം."

വാൾ ചുഴറ്റാനും കുന്തം പ്രയോഗിക്കാനും കഴിവുള്ളവൻ സമ്പത്തിന് അനന്തരാവകാശിയാവുകയെന്നതായിരുന്നു അറബികളുടെ പാരമ്പര്യം. പക്ഷേ, ദുർബല വിഭാഗങ്ങളുടെ സംരക്ഷകനായി ഇസ്‌ലാം കടന്നുവ ന്നപ്പോൾ തങ്ങളുടെ മാതാപിതാക്കളുടെ സമ്പത്തിൽ സ്ത്രീകൾക്കും അനന്തരാവകാശം ലഭിച്ചു. സ്വത്തിന്നുടമയാകാനുള്ള അവകാശം ഇസ്‌ലാം സ്ത്രീകൾക്ക് നൽകി. നൂറ്റാണ്ടുകൾ പന്ത്രണ്ട് കഴിയേണ്ടിവന്നു, ജനാധിപത്യത്തിന്റെ ഈറ്റില്ലമായി കരുതപ്പെടുന്ന ഇംഗ്ലണ്ടിൽ സ്ത്രീകൾക്ക് ആ അവകാശം സ്ഥാപിച്ചുകിട്ടുവാൻ. വിവാഹിതകളുടെ ആക്റ്റി(The Married Woman's Act)ലൂടെ ഈ അവകാശം സ്ത്രീകൾക്ക് ലഭിച്ചത് 1881-ലായിരുന്നു. എന്നാൽ, "സ്ത്രീകൾ മനുഷ്യസമൂഹത്തിന്റെ പകുതിയാണ്; സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ്. സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ ലഭിക്കുന്നുണ്ടെന്ന് നിങ്ങൾ ഉറപ്പു വരുത്തുക" എന്ന് ഇസ്‌ലാമിന്റെ പ്രവാചകൻ നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ പ്രഖ്യാപിച്ചിരുന്നു.

## അനാഥാലയങ്ങൾ

സാമ്പത്തിക-രാഷ്ട്രീയ വ്യവസ്ഥകളുമായുള്ള ഇസ്‌ലാമിന്റെ ബന്ധം പ്രഥമഗണനീയമല്ലെങ്കിലും മനുഷ്യ സമൂഹത്തിന്റെ സാമ്പത്തിക-രാഷ്ട്രീയ ജീവിതത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്ന സുപ്രധാ നമായ തത്ത്വങ്ങൾ ഇസ്‌ലാം ആവിഷ്കരിച്ചിട്ടുണ്ട്. "സാമ്പത്തിക രംഗത്തെ ധ്രുവീകരണ തീവ്രതകൾക്കിടയിൽ സന്തുലിതത്വം നില നിർത്തുകയാണ് ഇസ്‌ലാം ചെയ്യുന്നത്; നാഗരികതയുടെ മൂലശിലയായ സ്വഭാവ സംസ്കരണത്തിൽ അത് സദാ ശ്രദ്ധ പതിപ്പിക്കുന്നു" എന്ന് പ്രൊഫസർ മസ്സ്നൺ (Prof. Massignon) അഭിപ്രായപ്പെടുന്നു.

അനന്തരാവകാശ നിയമം, സകാത്ത് വ്യവസ്ഥ എന്നിവ സ്ഥാപിച്ചു കൊണ്ടും സാമ്പത്തിക രംഗത്തെ കുത്തക, പലിശ മുൻകൂട്ടി നിശ്ചയി ക്കപ്പെട്ടതും അവിഹിത മാർഗത്തിലൂടെ നേടുന്നതുമായ കൊള്ളലാഭം, പൂഴ്ത്തിവെപ്പ്, വിലനിലവാരം കൂട്ടാൻ വേണ്ടി കൃത്രിമക്ഷാമം സൃഷ്ടി

ക്കൽ തുടങ്ങിയ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചുകൊണ്ടുമാണ് ഇസ്‌ലാം പ്രസ്തുത ലക്ഷ്യം നേടുന്നത്. അത് ചൂതാട്ടം കർശനമായി തടയുന്നു. വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, ആതുരാലയങ്ങൾ, കിണർ കുഴിക്കൽ, അനാഥ സംരക്ഷണം തുടങ്ങിയവയ്ക്ക് നല്കുന്ന സംഭാവനകൾ മഹത്തായ പുണ്യകർമമായി അത് കരുതുന്നു. ഇസ്‌ലാമിന്റെ പ്രവാചകന്റെ അധ്യാപനമാണ് അനാഥാലയങ്ങളുടെ ഉദ്ഭവത്തിന് കാരണമെന്ന് കരുതപ്പെടുന്നു. ഒരനാഥനായി പിറന്ന ഈ പ്രവാചകനോട് ലോകത്തിലെ മുഴുവൻ അനാഥാലയങ്ങളും കടപ്പെട്ടിരിക്കുന്നു. കാർലൈലിന്റെ വാക്കുകളിൽ, "പ്രകൃതിയുടെ ഈ ഏകാന്ത സന്തതിയുടെ ഹൃദയാന്തരാളത്തിൽ കുടികൊണ്ടിരുന്ന ജന്മസിദ്ധമായ സഹാനുഭൂതിയുടെയും സമത്വഭാവനയുടെയും കാരുണ്യത്തിന്റെയും ബഹിർസ്ഫുരണമായിരുന്നു അത്."

## സദ്ഗുണ സമ്പന്നൻ

മനുഷ്യ മഹത്ത്വമളക്കുവാൻ മൂന്ന് മാനദണ്ഡങ്ങളുണ്ടെന്ന് ഒരു ചരിത്രകാരൻ ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി. സമകാലികർ അദ്ദേഹത്തെ സദ്ഗുണ സമ്പന്നനായി കണ്ടിരുന്നുവോ? താൻ ജീവിച്ച കാലഘട്ടത്തിന്റെ സവിശേഷതകളിൽനിന്ന് ഉയർന്നു നില്ക്കുവാൻ സാധിച്ചിട്ടുണ്ടോ? ലോകത്തിന് എന്തെങ്കിലും ശാശ്വത സംഭാവന നല്കിയിട്ടുണ്ടോ? ഇവയാണ് ആ മൂന്ന് മാനദണ്ഡങ്ങൾ. ഈ ലിസ്റ്റ് ഇനിയും ദീർഘിപ്പിക്കാം. എന്നാൽ, ഈ മൂന്ന് പരീക്ഷകളിലും മുഹമ്മദ് വമ്പിച്ച വിജയം കരസ്ഥമാക്കിയിരിക്കുന്നുവെന്നതാണ് യാഥാർഥ്യം. ഏതാനും ഉദാഹരണങ്ങൾ നിരത്തിവെച്ചുകഴിഞ്ഞു.

സമകാലികർ അദ്ദേഹത്തെ സദ്ഗുണ സമ്പന്നനായി കണ്ടിരുന്നുവോ എന്നതാണ് ഒന്നാമത്തേത്. പ്രവാചകന്റെ വെട്ടിത്തിളങ്ങുന്ന സ്വഭാവഗുണങ്ങളെയും കളങ്കമേല്ക്കാത്ത സത്യസന്ധതയെയും കുലീനമായ പെരുമാറ്റത്തെയും ജീവിതത്തിന്റെ സമസ്ത മേഖലകളിലും അദ്ദേഹം പ്രകടിപ്പിച്ച ആത്മാർഥതയെയും വിശ്വാസ്യതയെയും, ശത്രുക്കളും മിത്രങ്ങളുമായ സർവ സമകാലികരും സമ്മതിച്ചിരുന്നുവെന്ന് ചരിത്രരേഖകൾ കാണിക്കുന്നു. അദ്ദേഹത്തിന്റെ ദൗത്യം സ്വീകരിക്കാത്തവരും-ജൂതന്മാർ പോലും-തങ്ങളുടെ വ്യക്തിപരമായ തർക്കങ്ങളിലും കലഹങ്ങളിലും പ്രവാചകനെ മധ്യസ്ഥനായി സ്വീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ സർവസമ്മതമായ നിഷ്പക്ഷതയുടെ അംഗീകാരമായിരുന്നു അത്. "ഓ മുഹമ്മദ്, നീ കളവു പറയുകയാണെന്ന് ഞങ്ങൾ പറയുന്നില്ല. നിനക്ക് ഗ്രന്ഥം നല്കുകയും ദിവ്യബോധനം നല്കുകയും ചെയ്യുന്നവനെയാണ് ഞങ്ങൾ നിഷേധിക്കുന്നത്" എന്നാണ് അവിശ്വാസികൾ പോലും പറഞ്ഞിരുന്നത്. പ്രവാചകന് പൈശാചിക ബാധയേറ്റതാണെന്നാണ് അവർ കരുതിയത്.

അതിന്റെ ശമനത്തിന് ആക്രമണത്തെയാണവർ അവലംബിച്ചത്. പക്ഷേ, പുതിയൊരു പ്രകാശധാര മുഹമ്മദിലൂടെ ഉദിച്ചുയരുന്നത് അവരിലുത്തമർ കണ്ടു. അവർ ആ വെളിച്ചം തേടിച്ചെന്നു.

പ്രവാചകന്റെ അടുത്ത ബന്ധുക്കളും സുഹൃത്തുക്കളും, അദ്ദേഹത്തിന് ലഭിച്ചിരുന്ന ദിവ്യബോധനം യാഥാർഥ്യമാണെന്നു ബോധ്യമുള്ളവരും എന്നാൽ ദൗത്യത്തിൽ പൂർണമായി വിശ്വാസമർപ്പിച്ചിട്ടില്ലാത്തവരുമായിരുന്നുവെന്നത് പ്രവാചക ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു വശമത്രേ. അദ്ദേഹത്തിന്റെ സ്വകാര്യ ജീവിതത്തെക്കുറിച്ച് അടുത്തറിയുന്നവരും കുലീനരും വിവേകമതികളുമായിരുന്ന ആ ബന്ധുമിത്രാദികൾ, ആ ജീവിതത്തിൽ വഞ്ചനയുടെയോ അസത്യത്തിന്റെയോ ഭൗതിക മോഹത്തിന്റെയോ വിശ്വാസരാഹിത്യത്തിന്റെയോ ലാഞ്ഛനയെങ്കിലും കണ്ടിരുന്നുവെങ്കിൽ ധാർമിക പുനർനിർമാണത്തെയും ആത്മീയ പുനരുത്ഥാനത്തെയും സാമൂഹിക പരിഷ്കാരത്തെയും കുറിച്ച അദ്ദേഹത്തിന്റെ പ്രതീക്ഷകൾ വാടിക്കരിഞ്ഞു പോവുകയും ആ സങ്കല്പ സൗധം ഒരു നിമിഷത്തിനകം തകർന്നു തരിപ്പണമാവുകയും ചെയ്യുമായിരുന്നു. മറിച്ച്, തങ്ങളുടെ ജീവിതത്തിന്റെ നിയന്ത്രണം പ്രവാചക ഹസ്തങ്ങളിൽ സ്വയം അർപ്പിക്കുകയാണ് അനുയായികൾ ചെയ്തത്. അദ്ദേഹത്തിന് വേണ്ടി അവർ മർദനങ്ങളും പീഡനങ്ങളും സഹിച്ചു. മരണത്തിനു പോലും ഇടയാക്കിയ ബഹിഷ്കരണം മൂലം അവരനുഭവിച്ച കഠിനമായ മനോവ്യഥയുടെയും അവർണനീയമായ കഷ്ടപ്പാടുകളുടെയും മധ്യത്തിലും പ്രവാചകനെ ബഹുമാനിക്കുകയും അനുസരിക്കുകയും വിശ്വസിക്കുകയുമാണവർ ചെയ്തത്. ഇത് സത്യമെങ്കിൽ തങ്ങളുടെ യജമാനന്റെ ജീവിതത്തിൽ ഒരു കറുത്ത പുള്ളിയെങ്കിലും കണ്ടെത്തുവാൻ അവർക്ക് കഴിഞ്ഞിരുന്നുവെന്ന് കരുതാമോ?

ആദ്യകാല വിശ്വാസികളുടെ ചരിത്രം വായിച്ചുനോക്കൂ. നിരപരാധികളായ സ്ത്രീ-പുരുഷന്മാരെ കൈകാര്യം ചെയ്ത മൃഗീയമായ കാഴ്ച ഏത് ശിലാഹൃദയത്തെയാണലിയിക്കാത്തത്? നിഷ്കളങ്കയായ സുമയ്യ. കുന്തങ്ങൾ ആ ഗാത്രത്തെ പിച്ചിച്ചീന്തി! യാസിറിന്റെ ഓരോ കാലുകൾ ഓരോ ഒട്ടകവുമായി ബന്ധിച്ച് അവയെ എതിർവശങ്ങളിലേക്ക് അടിച്ചോടിച്ചു! ഖബ്ബാബിനെ തീക്കനലിനു മേൽ കിടത്തി ആ കശ്മലന്മാർ മാറിൽ കയറിനിന്നു! ആ കനലുകളിൽ മനുഷ്യമാംസമെരിഞ്ഞലിഞ്ഞു. ഖബ്ബാബുബ്നു അദിയ്യിനെ അവയവങ്ങളോരോന്നായി ഛേദിച്ചുകളഞ്ഞും മാംസം അല്പാല്പമായി ചെത്തിയെടുത്തും അവർ ആസ്വദിച്ചു. ആ ക്രൂര കൃത്യത്തിനിടയിൽ അവർ ചോദിച്ചു: "മുഹമ്മദിനെ നിന്റെ സ്ഥാനത്തു നിർത്തി, നിന്നെ നിന്റെ കുഞ്ഞുകുട്ടികളോടൊപ്പം കഴിയുവാൻ അനുവദിക്കുന്നത് നീ ഇഷ്ടപ്പെടുന്നില്ലേ?" "മുഹമ്മദിന് ഒരു മുള്ളെങ്കിലുമേൽക്കുന്നത് തടയാൻ എന്നെയും എന്റെ ഭാര്യയെയും കുട്ടികളെയും ബലികൊ

ടുക്കാനാണ് എനിക്കിഷ്ടം" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി! ഈദൃശമായ നൂറുകണക്കിന് സംഭവങ്ങളുദ്ധരിക്കുവാൻ കഴിയും. എന്താണ് ഇതെല്ലാം തെളിയിക്കുന്നത്? ഇസ്‌ലാമിന്റെ ഈ സ്ത്രീ-പുരുഷ സന്തതികൾ പ്രവാചകനോട് തങ്ങളുടെ കൂറ് കാണിക്കുക മാത്രമല്ല, തങ്ങളുടെ ഹൃദയവും ജീവനും തന്നെ സമ്മാനമായർപ്പിച്ചത് എന്തുകൊണ്ടായിരുന്നു? ഇസ്‌ലാമിന്റെ ഈ ആദ്യകാലാനുയായികളുടെ വിശ്വാസവും കൂറും മുഹമ്മദിന്റെ ആത്മാർഥതയ്ക്കും ആത്മാർപ്പണത്തിനും തെളിവല്ലെങ്കിൽ പിന്നെ മറ്റെന്താണ്? ഈ ആളുകളാവട്ടെ, സമൂഹത്തിലെ താഴെക്കിടയിലുള്ളവരോ മനോദാർഢ്യം കുറഞ്ഞവരോ ആയിരുന്നില്ല. മക്കയിലെ സർവോത്കൃഷ്ടരും കുലീനരിൽ കുലീനരുമായ ആളുകളാണ് തുടക്കം മുതൽതന്നെ അദ്ദേഹത്തോടൊപ്പം ചേർന്നത്. സ്ഥാനവും മാനവും പണവും പദവിയുമുള്ള മക്കക്കാർ, പ്രവാചകനെക്കുറിച്ച് എല്ലാമറിയുന്ന അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ, ഉന്നത വ്യക്തിത്വത്തിന്റെ ഉടമകളായിരുന്ന ആദ്യത്തെ നാല് ഖലീഫമാർ-ഇവരൊക്കെ ഈ ആദ്യകാല മുസ്‌ലിം വ്യൂഹത്തിലുണ്ടായിരുന്നു!

## ആ വ്യക്തിത്വം

"എല്ലാ പ്രവാചകന്മാരിലും മതനേതാക്കളിലും വെച്ച് ഏറ്റവുമധികം വിജയശ്രീലാളിതനായ പ്രവാചകൻ മുഹമ്മദാണ്"- എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്ക പറയുന്നു. ഈ വിജയം യാദൃച്ഛികമായിരുന്നില്ല, ഭാഗ്യാതിരേകവുമായിരുന്നില്ല; സമകാലികർ അദ്ദേഹത്തിന്റെ സദ്ഗുണസമ്പന്നതക്ക് നല്കിയ അംഗീകാരമായിരുന്നു. ഉജ്വലവും ആകർഷകവുമായ ആ വ്യക്തിത്വത്തിന്റെ വിജയമായിരുന്നു അത്.

മുഹമ്മദിന്റെ വ്യക്തിത്വം! അതിനെ മുഴുവൻ കണ്ടെത്തുക പ്രയാസം! ഒരു ചെറിയ അംശം മാത്രമേ എനിക്ക് കണ്ടെത്താൻ കഴിഞ്ഞുള്ളൂ.

എത്രമാത്രം ഹൃദയാവർജകമായ ബഹുമുഖത്വം! എന്തുമാത്രം നാടകീയ രംഗങ്ങൾ! മുഹമ്മദ് എന്ന പ്രവാചകൻ! മുഹമ്മദ് എന്ന സർവസൈന്യാധിപൻ! മുഹമ്മദ് എന്ന പടയാളി! മുഹമ്മദ് എന്ന ഭരണാധികാരി! മുഹമ്മദ് എന്ന കച്ചവടക്കാരൻ! മുഹമ്മദ് എന്ന പ്രഭാഷകൻ! മുഹമ്മദ് എന്ന തത്ത്വജ്ഞാനി! മുഹമ്മദ് എന്ന രാഷ്ട്രതന്ത്രജ്ഞൻ! മുഹമ്മദ് എന്ന പ്രസംഗകൻ! മുഹമ്മദ് എന്ന പരിഷ്കർത്താവ്! മുഹമ്മദ് എന്ന അനാഥ സംരക്ഷകൻ! മുഹമ്മദ് എന്ന അടിമവിമോചകൻ! മുഹമ്മദ് എന്ന സ്ത്രീവിമോചകൻ! മുഹമ്മദ് എന്ന നിയമജ്ഞൻ! മുഹമ്മദ് എന്ന ന്യായാധിപൻ! മുഹമ്മദ് എന്ന പുണ്യവാളൻ! ഉജ്വലമായ ഈ വശങ്ങളിലെല്ലാം, മനുഷ്യ ജീവിതത്തിന്റെ വൈവിധ്യമാർന്ന ഈ വകുപ്പുകളിലെല്ലാം ഒരു ഹീറോ തന്നെയായിരുന്നു അദ്ദേഹം!

അനാഥത്വം നിസ്സഹായതയുടെ പാരമ്യമാണ്; അദ്ദേഹം ജീവിതം തുടങ്ങിയതങ്ങനെയാണ്. രാജത്വം ലൗകിക ശക്തിയുടെ ഉത്തുംഗതയാണ്; ആ ജീവിതം അവസാനിച്ചതങ്ങനെയാണ്. അനാഥനായി ജീവിതം തുടങ്ങി, പീഡിതനായ ഒരഭയാർഥിയായി, ഒരു ജനതയുടെ ലൗകിക നേതാവും ആത്മീയഗുരുവും വിധാതാവുമായി മാറി, അദ്ദേഹം. ആ ജനതയുടെ പരീക്ഷണഘട്ടങ്ങളിലും മാർഗഭ്രംശങ്ങളിലും ഇരുട്ടിലും വെളിച്ചത്തിലും ഉൽക്കർഷത്തിലും അപകർഷത്തിലും ഭയത്തിലും സമാധാനത്തിലും അഗ്നിപരീക്ഷണങ്ങളിലൂടെ കടന്നുപോന്ന പ്രവാചകൻ ജീവിതത്തിന്റെ സമസ്ത മേഖലകളിലും മാതൃക കാണിക്കുവാൻ വേണ്ടി

െ പ ാ ള്ള േ ല ല ് ക്ക ാ െ ത

പുറത്തുവരിക തന്നെ ചെയ്തു. അദ്ദേഹത്തിന്റെ നേട്ടങ്ങൾ ജീവിതത്തിന്റെ ഒരു വശത്തു മാത്രം പരിമിതമല്ല. മനുഷ്യജീവിതത്തിന്റെ മുഴു

വ ൻ

അവസ്ഥാന്തരങ്ങളേയും അത് ചൂഴ്ന്നുനില്ക്കുന്നു.

## മഹത്ത്വത്തിന്റെ മാനദണ്ഡം

അജ്ഞതയുടെയും അധാർമികതയുടെയും അഗാധ ഗർത്തത്തിലാണ്ടു കിടക്കുന്ന ഒരു ജനതയെ സംസ്കരിച്ചെടുക്കുന്നതിലാണ് മഹത്ത്വം കുടികൊള്ളുന്നതെങ്കിൽ അറബികളെപ്പോലുള്ളൊരു ജനവിഭാഗത്തെ പരിവർത്തിപ്പിക്കുകയും സംസ്കരിക്കുകയും പൂർണത കൈവരിച്ച ഒരു സമൂഹമായുയർത്തുകയും നാഗരികതയുടെയും വിജ്ഞാനത്തിന്റെയും വാഹകരാക്കുകയും ചെയ്ത ആ ഉജ്വല വ്യക്തിത്വത്തിന് മഹത്ത്വമവകാശപ്പെടാനർഹതയുണ്ട്. പരസ്പരം പോരടിച്ചു മരിച്ചിരുന്ന ഒരു സമൂഹത്തെ സാഹോദര്യത്തിന്റെയും സൗഭ്രാത്രത്തിന്റെയും നൂലിൽ കോർക്കുന്നതിലാണ് മഹത്ത്വമെങ്കിൽ മരുഭൂമിയിലെ ആ പ്രവാചകന് ബഹുമതിക്കർഹതയുണ്ട്. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അള്ളിപ്പിടിച്ചുകിടക്കുന്ന ഒരു സമൂഹത്തെ പരിഷ്കരിക്കുന്നതിലാണ് മഹത്ത്വമുള്ളതെങ്കിൽ ജനലക്ഷങ്ങളുടെ ഹൃദയങ്ങളിൽനിന്ന് അയുക്തികമായ ഭയവും അന്ധവിശ്വാസങ്ങളും ഉച്ചാടനം ചെയ്യുവാൻ ഇസ്ലാമിന്റെ പ്രവാചകന് കഴിഞ്ഞിട്ടുണ്ട്. ഉന്നതമായ ധാർമിക ഗുണങ്ങളുൾക്കൊള്ളുന്നതിലാണ് മഹത്ത്വമെങ്കിൽ ശത്രുക്കളും മിത്രങ്ങളും ഒരുപോലെ സമ്മതിച്ചിട്ടുണ്ട്, മുഹമ്മദ് അൽഅമീൻ-വിശ്വസ്തൻ- ആയിരുന്നുവെന്ന്. ഒരു ജേതാവാണ് മഹാനെങ്കിൽ അനാഥ ബാലന്റെ നിസ്സഹായതയിൽ വളർന്ന് അറേബ്യയുടെ ഭരണാധികാരിയായി മാറി, പതിനാല് നൂറ്റാണ്ടുകളെ അതിജീവിച്ച ഒരു സാമ്രാജ്യം സ്ഥാപിച്ച ഒരു മനുഷ്യനിതാ ഇവിടെ. ഒരു നേതാവിന്നു ലഭിക്കുന്ന ആദർശ ബഹുമാനങ്ങളാണ് മഹത്ത്വത്തിന്റെ മാനദണ്ഡമെങ്കിൽ പ്രവാചകന്റെ നാമം ലോകത്താകമാനം പരന്നുകിടക്കുന്ന ജനലക്ഷങ്ങളുടെ ആത്മാക്കളിൽ അദ്ഭുതകരമായ അനു

ഭൂതികളുളവാക്കുന്നു!

## നിരക്ഷരൻ

ഏതൻസിലെയോ റോമിലെയോ പേർഷ്യയിലെയോ ഇന്ത്യയിലെയോ ചൈനയിലെയോ വിജ്ഞാനഗേഹങ്ങളിൽനിന്ന് അദ്ദേഹം തത്ത്വ ശാസ്ത്രം പഠിച്ചിരുന്നില്ല. എന്നിട്ടും സനാതന മൂല്യങ്ങളുടെ ഉദാത്തമായ സത്യങ്ങൾ മനുഷ്യരാശിയോട് പ്രഖ്യാപിക്കുവാനദ്ദേഹത്തിന് കഴിഞ്ഞു. നിരക്ഷരനായിരുന്നിട്ടും വാചാലമായി പ്രസംഗിക്കുവാനും നയനങ്ങളെ ഈറനണിയിക്കുമാറ് വികാരവിവശരാക്കുവാനുമദ്ദേഹത്തിന് സാധിച്ചു. സ്വന്തമായൊന്നുമില്ലാത്ത ഒരനാഥനായി പിറന്നിട്ടും സർവരുടെയും സ്നേഹമദ്ദേഹം സമ്പാദിച്ചു. ഏതെങ്കിലും മിലിട്ടറി അക്കാദമിയിൽ അദ്ദേഹം പഠിച്ചിട്ടില്ല. എന്നിട്ടും അസംഖ്യം വരുന്ന ശത്രുനിരക്കെതിരെ അണികളെ സംഘടിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ധാർമിക ശക്തിയുടെ പിൻബലംകൊണ്ട് വിജയം കൈവരിച്ചു.

## അപൂർവ പ്രതിഭാസം

തത്ത്വപ്രസംഗ വൈഭവംകൊണ്ട് അനുഗൃഹീതരായവർ കുറയും. കുറ്റമറ്റ ഒരു സുവിശേഷ പ്രസംഗകനെ ലോകത്തിലെ ഒരപൂർവ ജീവിയായാണ് ദെകാർതെ (Descartes) കണ്ടത്. ഇതേ ആശയം ഹിറ്റ്ലർ ഒരിക്കൽ പ്രകടിപ്പിക്കുകയുണ്ടായി: "ഒരു വലിയ താത്ത്വികൻ അപൂർവമായേ ഒരു വലിയ നേതാവാകാറുള്ളൂ. ഒരു കലാപകാരിയിൽ ഈ ഗുണം താരതമ്യേന കൂടുതലുണ്ടാവാനാണ് സാധ്യത. കാരണം, നേതൃത്വം എന്നാൽ മനുഷ്യസഞ്ചയങ്ങളെ ഇളക്കിവിടാനുള്ള കഴിവ് എന്നാണർഥം. തത്ത്വാവിഷ്കരണ സിദ്ധിയും നേതൃത്വശേഷിയും തമ്മിൽ വലിയ ബന്ധമൊന്നുമില്ല." ഹിറ്റ്ലർ തുടരുന്നു: "താത്ത്വികൻ, സംഘാടകൻ, നേതാവ് എന്നീ വിശേഷഗുണങ്ങൾ ഒരാളിൽ മേളിക്കുകയെന്നത് ഈ ഭൂമിയിലെ അപൂർവ പ്രതിഭാസങ്ങളിലൊന്നാണ്. അവിടെയാണ് മഹത്ത്വം കുടികൊള്ളുന്നത്." ഭൂമിയിലെ ഈ അപൂർവ പ്രതിഭാസം രണ്ടു കാലിൽ നടക്കുന്നത് ഇസ്‌ലാമിന്റെ പ്രവാചകനിൽ ലോകം കണ്ടു.

റവറന്റ് ബോസ്‌വർത് സ്മിത്തിന്റെ പ്രതികരണം കുറേക്കൂടി ശ്രദ്ധേയമാണ്: "രാഷ്ട്രത്തലവനും പള്ളിമേധാവിയുമായിരുന്ന അദ്ദേഹം ഒരേ സമയം പോപ്പും സീസറുമായിരുന്നു. പക്ഷേ, പോപ്പിന്റെ അവകാശങ്ങളില്ലാത്ത പോപ്പും, കാലാൾപ്പടയോ അംഗരക്ഷകരോ കൊട്ടാരമോ നിശ്ചിത വരുമാനമോ ഇല്ലാത്ത സീസറുമായിരുന്നു അദ്ദേഹം. യഥാർഥ ദിവ്യശക്തി കൊണ്ട് ഭരണം നടത്തിയെന്ന് ഏതെങ്കിലും മനുഷ്യന് അവകാശപ്പെടാമെങ്കിൽ അത് മുഹമ്മദിന് മാത്രമാണ്. കാരണം, അധികാര ശക്തിയുടെ ഉപകരണങ്ങളോ അവയുടെ പിന്തുണയോ കൂടാതെത്തന്നെ മുഴുവൻ ശക്തിയും അദ്ദേഹത്തിനുണ്ടായിരുന്നു. അധികാരത്തിന്റെ പരി

വേഷങ്ങളെ അദ്ദേഹം കണക്കിലെടുത്തില്ല. സ്വകാര്യ ജീവിതത്തിലെ ലാളിത്യം പൊതു ജീവിതത്തിലും അദ്ദേഹം നിലനിർത്തി.”

## ദരിദ്രനായ രാജാവ്

മക്കാ വിജയത്തെ തുടർന്ന് പത്തു ലക്ഷം ചതുരശ്ര നാഴികയിലധികം വരുന്ന ഭൂഭാഗം അദ്ദേഹത്തിന്റെ കാൽക്കീഴിലമർന്നു. പക്ഷേ, അറേബ്യയുടെ ആ അധിപതി സ്വകരങ്ങൾകൊണ്ട് പാദരക്ഷ നന്നാക്കി; രോമക്കുപ്പായം തുന്നി; പാൽ കറന്നു; അടുപ്പടിച്ചുവാരി; തീയുണ്ടാക്കി; അടുക്കള ജോലികളിൽ വീട്ടുകാരെ സഹായിച്ചു. മദീനാ ജീവിതത്തിന്റെ അന്ത്യഘട്ടമാവുമ്പോഴേക്കും ആ പട്ടണം സമൃദ്ധിയുടെ കേദാരമായിക്കഴിഞ്ഞിരുന്നു. വെള്ളിയും സ്വർണവും സർവത്രയൊഴുകി. എന്നിട്ടും, ആ ഐശ്വര്യത്തിന്റെ നാളുകളിലും അറേബ്യയുടെ രാജാവിന്റെ അടുപ്പിൽ പുകയുയരാതെ ആഴ്ചകൾതന്നെ കടന്നുപോയി. ഈന്തപ്പഴവും വെള്ളവും മാത്രമായി ഭക്ഷണം. അത്താഴത്തിന് ഒന്നുമില്ലാത്തതിനാൽ അദ്ദേഹത്തിന്റെ കുടുംബം ഒഴിഞ്ഞ വയറുമായി അന്തിയുറങ്ങി. ഉറങ്ങാൻ പായയല്ലാതെ, മെത്ത അദ്ദേഹം ഉപയോഗിച്ചിട്ടില്ല. ദീർഘമായ തിരക്കുപിടിച്ച പകലുകൾക്കുശേഷം വന്നെത്തുന്ന രാത്രികൾ പ്രാർഥനാനിരതനായി കഴിച്ചു. തന്റെ ഉത്തരവാദിത്വങ്ങൾ യഥാവിധി നിർവഹിക്കുവാൻ കരുത്തേകണേയെന്ന് സർവശക്തനോട് ഈറൻമിഴികളോടെ അർഥിച്ചു. തേങ്ങൽ കാരണം കണ്ഠമിടറി, ശബ്ദം, തിളയ്ക്കുന്ന വെള്ളത്തിന്റേതിന് തുല്യമായി. നിര്യാതനാകുമ്പോൾ ഏതാനും നാണയത്തുട്ടുകളായിരുന്നു അദ്ദേഹത്തിന്റെ സമ്പാദ്യം. അതിലൊരു ഭാഗം കടം വീട്ടാനുള്ളതായിരുന്നു. അവശേഷിച്ചത് ദാനം ചോദിച്ചുവന്ന ഒരത്യാവശ്യക്കാരനും കൊണ്ടുപോയി! മരണവേളയിലദ്ദേഹമണിഞ്ഞിരുന്ന വസ്ത്രം ധാരാളം കഷണങ്ങൾ തുന്നിപ്പിടിപ്പിച്ചതായിരുന്നു. ലോകത്തിന് പ്രകാശം ചൊരിഞ്ഞ ആ ഗൃഹത്തിൽ കൂരിരുട്ട് കുടിയിരുന്നു. കാരണം, വിളക്കിലൊഴിക്കാൻ അവിടെ എണ്ണയില്ലായിരുന്നു!

ചുറ്റുപാടുകൾ മാറി. പക്ഷേ, ദൈവത്തിന്റെ പ്രവാചകൻ മാത്രം മാറിയില്ല. വിജയത്തിലും പരാജയത്തിലും അധികാരമുള്ളപ്പോഴും ഇല്ലാത്തപ്പോഴും ക്ഷാമത്തിലും സമൃദ്ധിയിലും പ്രവാചകൻ ഒരേയൊരു മനുഷ്യനായിരുന്നു. ഒരൊറ്റ സ്വഭാവമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. ദൈവത്തിന്റെ നിയമങ്ങൾ പോലെ ദൈവത്തിന്റെ പ്രവാചകന്മാർക്കും മാറ്റങ്ങളുണ്ടാകാവതല്ല. സത്യസന്ധനായ ഒരു മനുഷ്യൻ ദൈവത്തിന്റെ ഏറ്റവും ഉൽകൃഷ്ടമായ സൃഷ്ടിയത്രേ. മുഹമ്മദ് സത്യസന്ധൻ മാത്രമായിരുന്നില്ല. സമസൃഷ്ടിസ്നേഹവും സഹാനുഭൂതിയും അദ്ദേഹത്തിന്റെ ആത്മാവിന്റെ സംഗീതമായിരുന്നു. മനുഷ്യനെ സ്നേഹിക്കുക, മനുഷ്യനെ ഉയർത്തുക, മനുഷ്യനെ സംസ്കരിക്കുക, മനുഷ്യന് അറിവു

പകരുക; ഒറ്റവാക്കിൽ മനുഷ്യനെ മനുഷ്യനാക്കുക- ഇതായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം. ജീവിതത്തിന്റെ സർവസ്വവും, ചിന്തയിലും വാക്കിലും പ്രവൃത്തിയിലും മനുഷ്യരാശിയുടെ നന്മയായിരുന്നു ഒരേയൊരു ലക്ഷ്യം; ഒരേയൊരു മാർഗദർശകത്വം!

## അദ്ഭുതങ്ങൾ കാണിക്കാത്ത പ്രവാചകൻ

തീർത്തും നിസ്വാർഥനായിരുന്നു അദ്ദേഹം. പേരും പെരുമയും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. അദ്ദേഹം അവകാശപ്പെട്ടിരുന്ന സ്ഥാനപ്പേരുകൾ എന്തായിരുന്നുവെന്നോ? ദൈവദാസനും ദൈവദൂതനും എന്ന് മാത്രം. ആദ്യം ദൈവദാസൻ, പിന്നെ ദൈവദൂതൻ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലാഗതരായ, നമുക്കറിയാവുന്നവരും അറിയാത്തവരുമായ ദൈവദൂതന്മാരെയും പ്രവാചകന്മാരെയും പോലെ ഒരാൾ. അവരിലൊരാളെയെങ്കിലും നിഷേധിച്ചവൻ മുസ്‌ലിമാവുകയില്ല. ഒരു പാശ്ചാത്യ പണ്ഡിതൻ പറഞ്ഞു: "ആ കാലഘട്ടത്തിന്റെ സവിശേഷ സാഹചര്യങ്ങളും തന്റെ അനുയായികളുടെ നിസ്സീമമായ ബഹുമാനാദരങ്ങളും കണക്കിലെടുക്കുമ്പോൾ, ദിവ്യാദ്ഭുതങ്ങൾ കാണിക്കുവാൻ തനിക്ക് കഴിയുമെന്ന് അവകാശവാദമുന്നയിച്ചില്ലെന്നത് മുഹമ്മദിന്റെ കാര്യത്തിൽ അദ്ഭുതകരമായ ഒരു സംഗതിയത്രേ." അദ്ഭുതങ്ങൾ കാണിച്ചിരുന്നുവെങ്കിൽതന്നെ അത് ആദർശപ്രചാരണാർഥമായിരുന്നില്ല. അവ പൂർണമായും ദൈവത്തിന്റെ കഴിവിൽപെട്ടതും മനുഷ്യമേധക്ക് അപ്രാപ്യവുമാണെന്നാണ് അദ്ദേഹം പറഞ്ഞത്. താൻ മറ്റുള്ളവരെപ്പോലെ ഒരു മനുഷ്യൻ മാത്രമാണെന്ന് പറയാനദ്ദേഹം മടിച്ചില്ല. ആകാശഭൂമികളിലൊളിഞ്ഞുകിടക്കുന്ന നിധികുംഭങ്ങളുണ്ടായിരുന്നില്ല അദ്ദേഹത്തിന്. ഭാവികാര്യങ്ങളും ഗർഭരഹസ്യങ്ങളും അറിയുമെന്ന് അദ്ദേഹം അവകാശപ്പെട്ടില്ല. പ്രകൃത്യതീത പ്രതിഭാസങ്ങളിലുള്ള വിശ്വാസവും ഒരു സാധാരണ പുണ്യവാളന്റെ ജീവിത വ്യവഹാരങ്ങളുടെ പിന്നിലും, നിത്യസംഭവങ്ങളുടെ പിന്നിൽപോലും ദിവ്യാദ്ഭുതങ്ങളുണ്ടെന്നുള്ള ധാരണയും അറേബ്യയിലും പരിസരങ്ങളിലും പരക്കെ സ്വാധീനം ചെലുത്തിയിരുന്ന ഒരു കാലഘട്ടത്തിലാണിതെന്ന് നാമോർക്കണം.

## ചിന്തിക്കുക – ദൈവത്തെ കണ്ടെത്തുക!

പ്രപഞ്ചത്തെയും പ്രാപഞ്ചിക നിയമങ്ങളെയും പറ്റി പഠിക്കുവാനും അതിലൂടെ ദൈവത്തിന്റെ മഹത്വം കണ്ടെത്തുവാനുമാണ് തന്റെ അനുയായികളെ അദ്ദേഹം ഉദ്ബോധിപ്പിച്ചത്. ഖുർആൻ പറയുന്നു: "ആകാശഭൂമികളെയും അവയ്ക്കിടയിലുള്ളതിനെയും നാം കളിയായി സൃഷ്ടിച്ചതല്ല. യഥാർഥമായിത്തന്നെയാണ് അവയെ നാം സൃഷ്ടിച്ചത്. പക്ഷേ, അധികമാളുകളും അറിയുന്നില്ല." പ്രപഞ്ചം മിഥ്യയോ മായയോ അല്ല. ഉദ്ദേശ്യരഹിതവുമല്ല. യഥാർഥമായിത്തന്നെയാണ് അവ സൃഷ്ടിക്കപ്പെ

ട്ടത്. പ്രപഞ്ചത്തെ നിരീക്ഷിച്ച് പഠിക്കുവാനാഹ്വാനം ചെയ്യുന്ന ഖുർആനിക സൂക്തങ്ങളുടെ സംഖ്യ വ്രതമനുഷ്ഠിക്കുവാനും തീർഥാടനം നടത്തുവാനുമാവശ്യപ്പെടുന്ന സൂക്തങ്ങളെക്കാൾ എത്രയോ കൂടുതലാണ്. തദ്ഫലമായി മുസ്‌ലിംകൾ പ്രപഞ്ചത്തെ നിരീക്ഷിച്ചു പഠിച്ചു. അങ്ങനെ ഗ്രീക്കുകാർക്കജ്ഞാതമായിരുന്ന ശാസ്ത്രീയ പരീക്ഷണ-നിരീക്ഷണങ്ങൾ ജന്മം കൊണ്ടു.

## ശാസ്ത്രത്തിന്റെ കടപ്പാട്

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് സസ്യങ്ങൾ ശേഖരിച്ച് ഇബ്നു ബൈതാർ ഒരു സസ്യശാസ്ത്രഗ്രന്ഥം തയ്യാറാക്കി. ഖനിജ മാതൃകകൾ ശേഖരിക്കുവാൻ അൽബിറൂനി നാല്പതു വർഷം നിരന്തരം യാത്ര ചെയ്തു. പന്ത്രണ്ടു വർഷത്തിലധികം വരുന്ന കാലം മുസ്‌ലിം ജ്യോതിഃശാസ്ത്രജ്ഞന്മാർ വാനനിരീക്ഷണം നടത്തി. ഒരൊറ്റ പരീക്ഷണം പോലും നടത്താതെയാണ് അരിസ്റ്റോട്ടിൽ ഊർജതന്ത്രത്തെക്കുറിച്ച് എഴുതിയത്. പരിശോധിച്ചുറപ്പുവരുത്താതെ, മനുഷ്യർക്ക് തിര്യക്കുകളെക്കാൾ കൂടുതൽ ദന്തങ്ങളുണ്ടെന്ന നിരുത്തരവാദപരമായ പ്രസ്താവനയും ചെയ്തുകളഞ്ഞു അദ്ദേഹം. ശരീരശാസ്ത്രത്തിന്റെ അതോറിറ്റിയായി ഗണിക്കപ്പെടുന്ന ഗാലൻ കീഴ്ത്താടിക്ക് അസ്ഥികൾ രണ്ടുണ്ടെന്ന് പ്രസ്താവിച്ചു. ഒരു മനുഷ്യാസ്ഥികൂടം പരീക്ഷണത്തിന് വിധേയമാക്കുക എന്ന സാഹസത്തിന് അബ്ദുല്ലത്വീഫ് എന്ന മുസ്‌ലിം മുതിരുന്നതുവരെ ഗാലന്റെ തത്ത്വം ചോദ്യം ചെയ്യപ്പെടാതെ കിടന്നു....ഇത്തരം അസംഖ്യം ഉദാഹരണങ്ങളെണ്ണിപ്പറഞ്ഞശേഷം റോബർട്ട് ബ്രിഫാൾറ്റ് (Robert Brefault) തന്റെ 'മെയ്ക്കിംഗ് ഓഫ് ഹ്യുമാനിറ്റി' (Making of Humanity) എന്ന ഗ്രന്ഥത്തിൽ പറയുന്നു: ''നമ്മുടെ ശാസ്ത്രത്തിന് അറബികളോടുള്ള കടപ്പാട്, അവർ നടത്തിയ അദ്ഭുതകരമായ കണ്ടുപിടിത്തങ്ങളിലോ വിപ്ലവകരമായ തത്ത്വങ്ങളിലോ അല്ല. ശാസ്ത്രത്തിന്റെ കടപ്പാട് വലിയ ഒരളവോളം അറബ് സംസ്കാരത്തോടാണ്. ശാസ്ത്രത്തിന്റെ അസ്തിത്വം തന്നെ അതിനോട് കടപ്പെട്ടിരിക്കുന്നു.''

അദ്ദേഹം തുടരുന്നു: "ഗ്രീക്കുകാർ തത്ത്വങ്ങൾ ആവിഷ്കരിക്കുകയും പൊതു നിഗമനങ്ങളിലെത്തിച്ചേരുകയും വ്യവസ്ഥകളുണ്ടാക്കുകയുമാണ് ചെയ്തത്. ഗവേഷണത്തിന്റെ ക്ഷമാപൂർവകമായ രീതി, ക്രിയാത്മക വിജ്ഞാന സമ്പാദനം, ശാസ്ത്രീയമായ സൂക്ഷ്മാവലോകനം, ദീർഘവും വിശദവുമായ നിരീക്ഷണം, പരീക്ഷണങ്ങളിലൂടെയുള്ള അന്വേഷണം തുടങ്ങിയവ മൊത്തത്തിൽ ഗ്രീക്കുകാർക്ക് അപരിചിതമായിരുന്നു. യൂറോപിൽ ഇന്ന് നാം ശാസ്ത്രമെന്ന് വിളിക്കുന്നത് ഗ്രീക്കുകാർക്ക് അജ്ഞാതമായിരുന്ന ഗവേഷണ നിരീക്ഷണങ്ങളുടെയും ഗണിതശാസ്ത്ര

പുരോഗതിയുടെയും ഫലമായുണ്ടായതാണ്. ആ ഗവേഷണ തൃഷ്ണയും നിരീക്ഷണ രീതികളും യൂറോപിന് പരിചയപ്പെടുത്തിയത് അറബികളാണ്.''

## മതപരം-മതേതരം

പ്രവാചകാധ്യാപനങ്ങളുടെ ഈ പ്രായോഗിക സ്വഭാവമാണ് ശാസ്ത്രാവബോധത്തിന് ജന്മമേകിയത്. നിത്യജീവിത വ്യവഹാരങ്ങളെയും ലൗകിക കാര്യങ്ങളെന്നറിയപ്പെടുന്ന കർമങ്ങളെയും പവിത്രമാക്കി മാറ്റിയതും അതുതന്നെ. ദൈവാരാധനയാണ് മനുഷ്യ സൃഷ്ടിയുടെ ഉദ്ദേശ്യമെന്ന് ഖുർആൻ പറയുന്നു. പക്ഷേ, ദൈവാരാധന പ്രാർഥനയിൽ മാത്രം പരിമിതമല്ല. ദൈവപ്രീതിയും മനുഷ്യനന്മയും ലക്ഷ്യം വെച്ചു ചെയ്യുന്ന മുഴുവൻ കർമങ്ങളും അതിലുൾപ്പെടുന്നു. സത്യസന്ധവും നീതിയുക്തവും സദുദ്ദേശ്യപൂർവകവുമായ മുഴുവൻ പ്രവർത്തനങ്ങളെയും ഇസ്‌ലാം പവിത്രമായി കാണുന്നു. മതപരം, മതേതരം എന്ന യുഗങ്ങളായുള്ള ആ വിവേചനം ഇസ്‌ലാം ഉന്മൂലനം ചെയ്തു.

ശുദ്ധപദാർഥങ്ങൾ ഭക്ഷിക്കുകയും അതിന് ദൈവത്തിന് നന്ദി പറയുകയുമാണെങ്കിൽ അതും ഒരാരാധനയാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. തന്റെ ഭാര്യയുടെ വായിൽ ഒരുപിടി ഭക്ഷണം വെച്ചുകൊടുക്കുന്നത് പ്രതിഫലാർഹമായ പുണ്യമാണെന്ന് പ്രവാചകൻ അരുളുന്നു. ഒരു തിരുവചനത്തിൽ ഇങ്ങനെ കാണാം: "ഒരാൾ തന്റെ ഹൃദയാഭിലാഷങ്ങൾ സാക്ഷാത്കരിക്കുന്നത് ദൈവത്തിന്റെ പ്രതിഫലമർഹിക്കുന്ന കാര്യമാണ്- അയാൾ അതിന് സ്വീകരിക്കുന്ന മാർഗങ്ങൾ അനുവദനീയമായതാണെങ്കിൽ." അപ്പോൾ ഒരു ശ്രോതാവ് അദ്ഭുതപൂർവം ചോദിച്ചു: "ദൈവദൂതരേ, അയാൾ വികാരം ശമിപ്പിക്കുന്നതും ഹൃദയാഭിലാഷങ്ങളുടെ പൂർത്തീകരണമാണല്ലോ?" "തെറ്റായ ഒരു മാർഗമാണതിനയാൾ സ്വീകരിച്ചിരുന്നതെങ്കിൽ അയാൾ ശിക്ഷിക്കപ്പെടുമായിരുന്നു. അപ്പോൾ ശരിയായ മാർഗമവലംബിക്കുന്നവർക്ക് പ്രതിഫലം ലഭിക്കേണ്ടതുമല്ലേ'' എന്നായിരുന്നു പ്രവാചകന്റെ പ്രതിവചനം.

അലൗകിക കാര്യങ്ങൾക്ക് പ്രാധാന്യം നല്കുന്നതോടൊപ്പം ഇഹലോക ജീവിതസൗകര്യത്തിലും ശ്രദ്ധ വേണമെന്ന ഈ പുത്തൻ മതദർശനം ധാർമിക മൂല്യങ്ങൾക്ക് പുതിയ മാനങ്ങൾ നല്കി. മനുഷ്യജീവിത വ്യവഹാരങ്ങളിലെ പരസ്പര ബന്ധങ്ങളിൽ അത് ചെലുത്തിയ ശാശ്വതമായ സ്വാധീനം, സാധാരണക്കാരിൽ അതുളവാക്കിയ കരുത്ത്, തങ്ങളുടെ അവകാശ- ബാധ്യതകളെക്കുറിച്ച ധാരണയിൽ അത് വരുത്തിത്തീർത്ത ക്രമീകരണം, നിരക്ഷരനായ ഒരപരിഷ്കൃതന്റെയും ബുദ്ധിമാനായ ഒരു തത്ത്വചിന്തകന്റെയും ജീവിതത്തിൽ അതിനുള്ള അനുയോ

ജ്യതയും അംഗീകാര യോഗ്യതയും- പ്രവാചകാധ്യാപനങ്ങളുടെ സവിശേഷതകളാണിവ.

## വിശ്വാസവും കർമവും

എന്നാൽ, സൽക്കർമങ്ങൾക്ക് നല്കപ്പെടുന്ന പ്രാധാന്യം വിശ്വാസത്തെ ബലികൊടുത്തുകൊണ്ടല്ലെന്നത് ശ്രദ്ധേയമത്രേ. കർമജീവി

ത ൈ ത്ത

അവഗണിച്ച വിശ്വാസപ്രധാനവും, വിശ്വാസം കണക്കിലെടുക്കാത്ത കർമപ്രധാനവുമായ നിരവധി ചിന്താധാരകളുണ്ട്. ഇസ്‌ലാമാകട്ടെ, ദൃഢവിശ്വാസത്തിലും സൽക്കർമങ്ങളിലുമധിഷ്ഠിതമാണ്. ലക്ഷ്യ- മാർഗങ്ങൾക്കു തുല്യപ്രാധാന്യമാണ് അത് കല്പിക്കുന്നത്. പരസ്പര ബന്ധിതമായ ഒരു സാകല്യമാണിത്. അവ ഒന്നിച്ചു ജീവിക്കുകയും ഒന്നിച്ച് വളരുകയും ചെയ്യുന്നു. അവയെ വേർപ്പെടുത്തുന്ന പക്ഷം രണ്ടിനും അസ്തിത്വമില്ലാതാവും. ഇസ്‌ലാമിൽ വിശ്വാസം കർമത്തിൽനിന്ന് വേർപെടുത്തുക സാധ്യമല്ല. ശരിയായ അറിവ് സദ്ഫലമുളവാക്കുന്ന സൽക്കർമങ്ങളായി മാറണം. വിശ്വസിക്കുകയും സൽക്കർമം പ്രവർത്തിക്കുകയും ചെയ്യുന്നവൻ മാത്രമേ സ്വർഗം പൂകൂ എന്ന് എത്ര തവണയാണ് ഖുർആൻ പറഞ്ഞത്! അൻപതിൽ കുറയാത്ത സ്ഥലങ്ങളിൽ അത് ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. ധ്യാനം പ്രോത്സാഹിപ്പിക്കപ്പെട്ടിരിക്കുന്നു. പക്ഷേ, വെറും ധ്യാനം ലക്ഷ്യമല്ല. കർമരഹിതനായ വിശ്വാസിക്ക് ഇസ്‌ലാമിൽ സ്ഥാനമില്ല. ദുഷ്കർമകാരിയായ ഒരു വിശ്വാസിയെക്കുറിച്ചു ചിന്തിക്കുവാനേ സാധ്യമല്ല. ദൈവിക വ്യവസ്ഥ ഒരു കർമപദ്ധതിയാണ്- വെറും തത്ത്വസംഹിതയല്ല. ജ്ഞാനത്തിൽനിന്ന് കർമത്തിലേക്കും കർമത്തിൽനിന്ന് സംതൃപ്തിയിലേക്കും കടന്നുപോകുന്ന പുരോ

ഗ

മനോന്മുഖമായ ഒരു പാതയാണ് മനുഷ്യർക്കുവേണ്ടി അത് വരച്ചു കാണിക്കുന്നത്.

## സംതൃപ്തിയുടെ സ്രോതസ്സ്

എന്നാൽ പൂർണമായ ആത്മസംതൃപ്തിയിലേക്ക് സ്വഛന്ദമൊഴുകുന്ന കർമങ്ങളുടെ സ്രോതസ്സ് ഏതാണ്? ഏകദൈവത്വമാണ് ആ സ്രോതസ്സ്; കേന്ദ്രബിന്ദു. "അല്ലാഹു അല്ലാതെ മറ്റൊരു ഇലാഹില്ല"- ഇസ്‌ലാമിക കർമജീവിതം കറങ്ങുന്ന അച്ചുതണ്ടാണത്. ദിവ്യാസ്തിത്വത്തിൽ മാത്രമല്ല ദിവ്യഗുണങ്ങളിലും അവൻ അതുല്യനത്രേ. ദൈവത്തിന്റെ വിശിഷ്ടഗുണങ്ങളുടെ കാര്യത്തിൽ മറ്റു കാര്യങ്ങളിലെന്നതുപോലെ ഒരു മധ്യമ മാർഗമാണ് ഇസ്‌ലാം അവലംബിച്ചിട്ടുള്ളത്. ഒരു വീക്ഷണത്തിൽ ഭൗതിക ലോകത്തിന്റെ ഗുണങ്ങളഖിലം ദൈവത്തിനു നിഷേധിക്കുമ്പോൾ മറ്റൊരു വീക്ഷണത്തിൽ ഭൗതിക പദാർഥങ്ങളോട് തുലനം

ചെയ്യുന്നു. ഒരു വശത്ത് ദൈവത്തിനു തുല്യമായി ഒന്നുമില്ലെന്ന് പറയുമ്പോൾ, മറ്റൊരർഥത്തിൽ ദൈവം കാണുന്നവനും കേൾക്കുന്നവനും അറിയുന്നവനും ആണെന്നു വിശദീകരിക്കുന്നു. പിഴവുകളും ന്യൂനതകളും തീണ്ടാത്ത രാജാവാണവൻ. അവന്റെ അധികാരമാകുന്ന കപ്പൽ നീതിയുടെയും സമത്വഭാവനയുടെയും പാരാവാരങ്ങളിലൊഴുകുന്നു. പരമകാരുണികനും കരുണാനിധിയുമാണവൻ. ഈ ഗുണവിശേഷങ്ങൾ ദൈവത്തിന് കല്പിച്ചു കൊടുക്കുന്നതോടൊപ്പം മറ്റുള്ളവർക്ക് അത് നിഷേധിക്കുന്നു. സർവതിന്റെയും സംരക്ഷകനായി മറ്റാരുമില്ല. എല്ലാ പോരായ്മകളും നികത്തുന്നവനാണവൻ; മറ്റാർക്കും അത് സാധ്യമല്ല. എല്ലാ നഷ്ടങ്ങൾക്കും പരിഹാരം കാണുന്നവനാണവൻ; മറ്റൊരു ശക്തിക്കും ആ കഴിവില്ല. ശരീരങ്ങളെ സൃഷ്ടിക്കുന്ന, ആത്മാക്കളെ സൃഷ്ടിക്കുന്ന, വിധിദിനത്തിന്റെ വിധാതാവായ ആ ദൈവമല്ലാതെ മറ്റു ദൈവങ്ങളില്ല. ചുരുക്കത്തിൽ, ഖുർആന്റെ ഭാഷയിൽ വിശിഷ്ട ഗുണങ്ങളെല്ലാം അവന് മാത്രമുള്ളതത്രേ.

## ജീവിതത്തിന്റെ തത്ത്വശാസ്ത്രം

പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ബന്ധമെന്തെന്ന് ഖുർആൻ വിശദീകരിച്ചിട്ടുണ്ട്. ആകാശഭൂമികളിലുള്ള സകലതും ദൈവം മനുഷ്യോപയോഗത്തിന് സജ്ജമാക്കിയിരിക്കുന്നു. അവയെ ഭരിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. സുന്ദരമായ വസ്തുക്കളാണ് മനുഷ്യന് ദൈവം നൽകിയിരിക്കുന്നത്. ജീവിത-മരണങ്ങൾ നിശ്ചയിച്ചിട്ടുള്ളതും മനുഷ്യനെ ഒരു പരീക്ഷണത്തിനു വിധേയനാക്കുവാനാണ്; ആരാണ് ആ വസ്തുക്കൾ ഉപയോഗപ്പെടുത്തി സൽക്കർമകാരിയാവുന്നത്, ആരാണ് ദുർമാർഗിയാവുന്നത് എന്ന പരീക്ഷണത്തിന്.

ഒരു പരിധിവരെ മനുഷ്യൻ സ്വതന്ത്രനാണെങ്കിലും മനുഷ്യ നിയന്ത്രണത്തിന്നതീതമായ ചില സാഹചര്യങ്ങളിലാണ് അവൻ ജനിക്കുന്നതും ജീവിക്കുന്നതും. ഏത് മനുഷ്യനെയും അവന്നുത്തമമെന്ന് ദൈവത്തിന് തോന്നുന്ന സാഹചര്യങ്ങളിലാണ് ദൈവം ജനിപ്പിക്കുന്നത്. പ്രപഞ്ചസൃഷ്ടിയുടെ രഹസ്യം നശ്വരജീവികൾക്ക് പൂർണമായും ഉൾക്കൊള്ളാനാവില്ല. പക്ഷേ, മനുഷ്യനെ ഐശ്വര്യത്തിലും ക്ഷാമത്തിലും ആരോഗ്യത്തിലും രോഗാവസ്ഥയിലും പുരോഗതിയിലും അധോഗതിയിലും ദൈവം പരീക്ഷണവിധേയമാക്കും. പലരെയും പലവിധത്തിലാണ് ദൈവം പരീക്ഷിക്കുന്നത്. വ്യത്യസ്ത സന്ദർഭങ്ങളിലാണ് ദൈവം പരീക്ഷിക്കുന്നത്. വ്യത്യസ്ത സന്ദർഭങ്ങളിൽ വിവിധ രീതികളാണതിനുണ്ടാവുക. അതിനാൽ, ബുദ്ധിമുട്ടുകളുടെ സാഹചര്യങ്ങളിൽ തെറ്റായ മാർഗമവലംബിക്കാതിരിക്കുക; അത് താൽക്കാലികം മാത്രമായിരിക്കും. സമൃദ്ധിയിൽ ദൈവത്തെ മറക്കാതിരിക്കുക; ദൈവാനുഗ്രഹങ്ങൾ ഒരനാമത്താണ്.

ഇവിടെ ജീവിക്കുവാനും മരിക്കുവാനും നിങ്ങൾ വിധിക്കപ്പെട്ടിരിക്കുന്നു. ജീവിക്കുന്നത് ദൈവനിയമങ്ങൾക്കനുസൃതമാകട്ടെ; മരിക്കുന്നത് ദൈവ ത്തിന്റെ മാർഗത്തിലും. ഇതിനെ നിങ്ങൾ വിധി എന്ന് വിളിച്ചേക്കാം. എന്നാൽ ഇത്തരത്തിലുള്ള വിധി അനുനിമിഷം ജാഗ്രത പുലർത്താൻ നിങ്ങളെ പ്രേരിപ്പിക്കുന്നത് അനുസ്യൂതവും ഊർജസ്വലവുമായ പ്രയ ത്നത്തിന്റെ ഒരവസ്ഥാ വിശേഷമാണ്.

ഈ ലൗകിക ജീവിതം മനുഷ്യാസ്തിത്വത്തിന്റെ അന്ത്യമാണെന്ന് കരുതരുത്. ശാശ്വതമായ ഒരു ജീവിതം മരണാനന്തരം വരാനിരിക്കുന്നു. അദൃശ്യമായ ജീവിതയാഥാർഥ്യത്തിലേക്കുള്ള കവാടമാണത്. ജീവിത ത്തിൽ ഏറ്റവും നിസ്സാരമായ കർമത്തിനുപോലും അതിന്റേതായ പ്രതി ഫലമുണ്ട്. ഒരു പ്രത്യേകരീതിയിലത് രേഖപ്പെടുത്തുന്നു. ദൈവത്തിന്റെ പ്രവർത്തനരീതികളിൽ ചിലത് നിങ്ങൾക്കറിയാവുന്നതാണ്. പക്ഷേ, അവ യിലധികവും നിങ്ങൾക്ക് അജ്ഞാതമാണ്. നിങ്ങളിൽ അദൃശ്യമായിക്കി ടക്കുന്നതും ഈ ലോകത്ത് നിങ്ങൾക്ക് അദൃശ്യമായതുമായ സകലതും അടുത്ത ലോകത്തിൽ നിങ്ങൾക്ക് ദൃശ്യമാകും. സൽക്കർമകാരികൾ ദൈവാനുഗ്രഹമാസ്വദിക്കും. ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതും ഒരു ഭാവനയിലും തെളിഞ്ഞിട്ടില്ലാത്തതു മായ വിഭവങ്ങൾ! ഈ ലോകത്ത് സന്ദർഭം പാഴാക്കിയവൻ നിയമത്തിന്റെ അനിവാര്യതയ്ക്ക് വിധേയനായിത്തീരും. തന്റെ പ്രവർത്തനങ്ങളുടെ രുചി അതവനെ ആസ്വദിപ്പിക്കും. സ്വകരങ്ങളുടെ ചെയ്തി മൂലമുളവായ ആത്മീയ രോഗങ്ങളുടെ ഒരു ചികിത്സാവിധിക്ക് അവൻ വിധേയനായി ത്തീരും. ശാരീരിക പീഡനം ചിലപ്പോൾ സഹ്യമാണ്; ആത്മീയ പീഡനം നരകതുല്യമാണ്. അതസഹ്യവുമാണ്.

## സംതൃപ്തി, സായൂജ്യം, സമാധാനം

അതിനാൽ, അധർമമാർഗത്തിലേക്ക് നയിക്കുന്ന മനസ്സാക്ഷിയുടെ ദുഷ്പ്രേരണകളെ ചെറുത്തു തോല്പിക്കുക. ആ ചെറുത്തു നിൽപിന്റെ അടുത്ത പടിയായ കുറ്റബോധമനുഭവപ്പെടുന്ന മനസ്സാക്ഷി ധാർമിക ബോധത്തിന്റെ ഉത്തുംഗസോപാനത്തിലേക്കുയരുവാൻ ജിജ്ഞാസാ പൂർവം ഉണരുന്നതും അധർമത്തിനെതിരെ സമരസജ്ജമാകുന്നതും അനുഭവവേദ്യമാകും. ഇത് ആത്മീയോത്കർഷത്തിന്റെ അന്ത്യഘട്ടമായ സമാധാനത്തിലേക്ക്- ദൈവത്തിന്റെ മാത്രം സംതൃപ്തിയും സന്തോഷ വും കണ്ടെത്തുന്ന ആത്മസംതൃപ്തിയിലേക്ക്- നയിക്കും. അതോടെ സംഘർഷത്തിന്റെ ഘട്ടം അവസാനിക്കുന്നു. പിന്നെ, ആത്മാവിന് പതനമില്ല. സത്യം വിജയിക്കു കയും അസത്യം പത്തി താഴ്ത്തുകയും ചെയ്യുന്നു. എല്ലാ സങ്കീർണത കളും അതോടെ പരിഹൃതമാകുന്നു. ദൈവഹിതത്തിന് പൂർണമായും കീഴ്പെടുകയെന്ന കേന്ദ്രബിന്ദുവിൽ വ്യക്തിത്വത്തിന്റെ വിഭിന്ന ഭാഗങ്ങൾ

ഉദ്ഗ്രഥിതമായിത്തീരുന്നു. അതാണ് ആത്മാവ് സമാധാനം കണ്ടെത്തുന്ന ആ സന്ദർഭം! അപ്പോൾ ദൈവം നിങ്ങളെ സംബോധന ചെയ്യും: “സമാധാനപൂർണമായ ആത്മാവേ, ദൈവത്തെ നീയും നിന്നെ ദൈവവും തൃപ്തിപ്പെട്ട നിലയിൽ നിന്റെ നാഥങ്കലേക്ക് മടങ്ങുക, എന്റെ അടിമകളോടൊപ്പം നീ പ്രവേശിക്കുക, എന്റെ സ്വർഗ പൂങ്കാവനത്തിൽ നീ പ്രവേശിച്ചുകൊൾക!” ഇതാണ് മനുഷ്യന്റെ അന്തിമ ലക്ഷ്യം. ഒരു വശത്ത് പ്രപഞ്ചത്തിന്റെ കൈകാര്യകർത്താവാകുകയും, മറുവശത്ത് ദൈവം അവനെയും അവൻ ദൈവത്തെയും തൃപ്തിപ്പെട്ട നിലയിൽ തന്റെ ആത്മാവ് ദൈവത്തിൽ സമാധാനം കണ്ടെത്തുകയും ചെയ്യുകയെന്നതാണ് മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യം. സായൂജ്യം- പൂർണ സായൂജ്യം; സംതൃപ്തി -പൂർണ സംതൃപ്തി; സമാധാനം- പൂർണ സമാധാനം. ഈ ഘട്ടത്തിൽ ദൈവത്തോടുള്ള സ്നേഹമാണവന്റെ ആഹാരം; ജീവിതത്തിന്റെ ജലധാരയാണ് അവന്റെ പാനീയം. ഖേദവും നഷ്ടബോധവും അവനെ തീണ്ടുന്നില്ല. വിജയം അവനെ അഹങ്കാരിയോ ഉന്മത്തനോ ആക്കുന്നുമില്ല.

പാശ്ചാത്യലോകം പ്രപഞ്ചത്തിന്റെ കൈകാര്യകർത്താക്കളാവാനേ ശ്രമിക്കുന്നുള്ളൂ. അതിനാൽ, അവരുടെ ആത്മാക്കൾ സമാധാനം കണ്ടെത്തുന്നില്ല.

ഈ ജീവിത തത്ത്വശാസ്ത്രത്തിലാകൃഷ്ടനായ തോമസ് കാർലൈൽ എഴുതുന്നു: “നാം ദൈവത്തിന് കീഴ്പെടുകയെന്നതാണ് ഇസ്‌ലാം. അതായത്, ദൈവത്തിനുള്ള പൂർണമായ കീഴ്വണക്കത്തിലാണ് നമ്മുടെ മുഴുവൻ ശക്തിയും കുടികൊള്ളുന്നത്. ദൈവം നമ്മോട് ചെയ്യുന്നതെന്തും നമുക്ക് നല്കുന്നതെന്തും-അത് മരണമാവട്ടെ, അതിനെക്കാൾ ചീത്തയാവട്ടെ- ഉത്തമവും ഉത്കൃഷ്ടവുമായിരിക്കും. നാം സ്വയം ദൈവത്തിനർപ്പിക്കുക.'' കാർലൈൽ തുടരുന്നു: ''ഇതാണ് ഇസ്‌ലാമെങ്കിൽ നാമെല്ലാം ഇസ്‌ലാമിലല്ലേ ജീവിക്കുന്നതെന്ന് ഗോയ്ഥേ ചോദിക്കുന്നു.” ഗോയ്ഥേയുടെ ചോദ്യത്തിന് കാർലൈൽ തന്നെ മറുപടി പറയുന്നു: “അതെ, ധർമനിഷ്ഠമായ ജീവിതമുള്ള എല്ലാവരും- നാമെല്ലാം. എന്നാലും ഉപരിലോകം നമ്മുടെ ഭൂമിയിലേക്ക് അവതരിപ്പിച്ചതിൽവെച്ച് ഏറ്റവും ഉന്നതമായ വിജ്ഞാനമത്രേ ഇത്.”

●